بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 49

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ അംനാസ് പി കെ

www.akhbarbadrqadian.in

2025 ഡിസംബർ 4 • ഹി.ശം 1404 ഫത്ഹ് 04 • ഹി:ഖ 1447 ജമാദുൽ ആഖിർ 12


## അല്ലാഹുവിന്റെ വചനം

فَبِمَا رَحۡمَۃٍ مِّنَ اللّٰہِ لِنۡتَ لَہُمۡ ۚ وَلَوۡ کُنۡتَ فَظًّا غَلِیۡظَ الۡقَلۡبِ لَانۡفَضُّوۡا مِنۡ حَوۡلِکَ ۪

﴿سُوۡرَۃُ اٰلِ عِمۡرَانَ:160﴾

അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ടുതന്നെയാണ് നീ അവരോടു സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**അല്ലാഹു സൗമ്യനും സൗമ്യത ഇഷ്ടപ്പെടുന്നവനുമാകുന്നു. സൗമ്യത അതുൾക്കൊള്ളുന്ന കാര്യത്തെ മനോഹരമാക്കുന്നു.**

❁ عَنۡ عَائِشَۃَ رَضِیَ اللّٰہُ عَنۡہَا اَنَّ النَّبِیَّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ : اِنَّ اللّٰہَ رَفِیۡقٌ یُحِبُّ الرِّفۡقَ ، وَیُعۡطِیۡ عَلَی الرِّفۡقِ مَا لَا یُعۡطِیۡ عَلَی الۡعُنۡفِ وَمَا لَا یُعۡطِیۡ عَلٰی مَا سِوَاہُ۔

ഹദ്റത്ത് ആയിശ സിദ്ദീഖ رضی اللہ عنہا നിവേദനം ചെയ്യുന്നു: നബിതിരുമേനിﷺ അരുളി: അല്ലാഹു സൗമ്യനും സൗമ്യത ഇഷ്ടപ്പെടുന്നവനുമാകുന്നു. സൗമ്യത അതുൾക്കൊള്ളുന്ന കാര്യത്തെ മനോഹരമാക്കുന്നു. അവൻ സൗമ്യതക്കു നല്കുന്നതുപോലെ കഠിനതയ്ക്ക് പ്രതിഫലമേകുന്നില്ല. മാത്രമല്ല, മറ്റൊരു നന്മയ്ക്കും അത്രമാത്രം പ്രതിഫലം നല്കുന്നതല്ല.

❁ عَنۡ عَائِشَۃَ رَضِیَ اللّٰہُ عَنۡہَا زَوۡجِ النَّبِیِّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ : اِنَّ الرِّفۡقَ لَا یَکُوۡنُ فِیۡ شَیۡءٍ اِلَّا زَانَہٗ وَلَا یُنۡزَعُ مِنۡ شَیۡءٍ اِلَّا شَانَہٗ۔

നബിതിരുമേനി(സ)യുടെ ധർമപത്നിയായ ഹദ്റത്ത് ആയിശ رضی اللہ عنہا നിവേദനം ചെയ്യുന്നു, അവിടുന്നു പറഞ്ഞു: ഒരു കാര്യത്തിൽ എത്രകണ്ട് മൃദുലതയും സൗമ്യതയും ഉണ്ടോ അത്രമാത്രം അതിന് അഴകുണ്ടാകുന്നു. ഏതിൽ നിന്ന് മൃദുലതയും സൗമ്യതയും എടുത്തുമാറ്റപ്പെടുന്നുവോ, അത് അത്രത്തോളം വിരൂപമായിത്തീരുന്നു. അതായത്, മൃദുലതയിലും സൗമ്യതയിലുമാണ് സൗന്ദര്യമുള്ളത്.

(مسلم کتاب البر والصلۃ باب فضل الرفق)
(بحوالہ حدیقۃ الصالحین مصنفہ
ملک سیف الرحمٰن صاحب حدیث 805 تا 806)

❁❁❁

## സൗമ്യതയോടെ സംസാരിച്ചുകൊണ്ട് മറ്റുള്ളവരുടെ മനസ്സിൽ കുടിയിരുത്തുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

തിന്മകൾ ഉപേക്ഷിക്കുന്ന ധാർമികതകളിൽ പ്രധാനമാണ് റിഫ്ഖ് (സൗമ്യത), ഖൗലുൽ ഹസൻ (നല്ല വാക്ക്) എന്നിവ. ഈ സ്വഭാവം ഉണ്ടാകുന്ന അടിസ്ഥാനപരമായ അവസ്ഥയാണ് ത്വലാഖത്ത് (മുഖപ്രസന്നത/സുസ്മേര വദനത). ഒരുകുഞ്ഞ് തനിക്ക് സംസാരശേഷി ലഭിക്കുന്നതു വരെ, സൗമ്യതയ്ക്കും നല്ല വാക്കിനും പകരം മുഖപ്രസന്നതയാണ് കാണിക്കുന്നത്. സൗമ്യത എന്ന ശാഖയുടെ വേര് ത്വലാഖത്ത് ആണെന്നതിന് ഇത് തെളിവാണ്. ത്വലാഖത്ത് ഒരു ശക്തിയാണ്, എന്നാൽ റിഫ്ഖ് ഒരു സ്വഭാവമാണ്; ആ ശക്തിയെ ഉചിതമായ സ്ഥലത്ത് ഉപയോഗിക്കുമ്പോൾ അത് രൂപപ്പെടുന്നു. തത്സംബന്ധമായി അല്ലാഹു ഉദ്ബോധിപ്പിക്കുന്നു: ജനങ്ങളോട് നിങ്ങൾ ശരിക്കും നല്ലതായ കാര്യങ്ങൾ മാത്രം സംസാരിക്കുക. ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കരുത്. കാരണം, പരിഹസിക്കപ്പെട്ടവർ (കൂടുതൽ) നല്ലവരായേക്കാം. സ്ത്രീകളിൽ ചിലർ മറ്റു ചിലരെ പരിഹസിക്കരുത്. കാരണം, പരിഹസിക്കപ്പെട്ടവർ (കൂടുതൽ) നല്ലവരായേക്കാം. നിങ്ങൾ പരസ്പരം കുറ്റപ്പെടുത്തരുത്. സ്വന്തമാളുകൾക്കു ചീത്തപ്പേരുകൾ വയ്ക്കരുത്. ദുർഭാവനാപരമായ കാര്യങ്ങൾ പറയരുത്. അതുപോലെ കുറ്റങ്ങൾ ചികഞ്ഞന്വേഷിക്കരുത്. ഒരാൾ മറ്റൊരാളെക്കുറിച്ച് പരാതി പറയരുത്. നിങ്ങളുടെ പക്കൽ തെളിവില്ലാത്ത ഒരാരോപണമോ കുറ്റമോ ഒരാളിൽ ചുമത്തരുത്.

ഓർക്കുക, എല്ലാ അവയവങ്ങളെക്കുറിച്ചും ചോദ്യം ചെയ്യപ്പെടും. ചെവി, കണ്ണ്, ഹൃദയം ഓരോന്നിനെക്കുറിച്ചും ചോദിക്കപ്പെടും. *(ഇസ്ലാംമത തത്ത്വജ്ഞാനം, റൂഹാനി ഖസായിൻ ഭാഗം: 10, പേജ്: 350(ഉർദു))*

മറ്റൊരിടത്ത് പറയുന്നു: ശത്രു കഠോര ഭാഷണം നടത്തിയാൽ അതിനെതിരെ കടുപ്പം കാണിക്കുന്നതുകൊണ്ട് പ്രയോജനമില്ല. കാരണം, കടുപ്പമുള്ള വാക്കുകൾ അനുഗ്രഹം ഇല്ലാതാക്കുന്നു. *(മൽഫൂസാത്ത് ഭാഗം: 9, പേജ്: 273)*

മറ്റൊരിടത്ത് പറയുന്നു: മുദാറാത്ത് (അനുനയിപ്പിക്കൽ) എന്നാൽ സൗമ്യതയോടെ സംസാരിച്ചുകൊണ്ട് മറ്റുള്ളവരുടെ മനസ്സിൽ കുടിയിരുത്തുക എന്നാണ്. അതുപോലെ, സത്യം ഒരു വാക്കുപോലും വിട്ടുപോകാതെ പൂർണമായും പ്രകടിപ്പിക്കുക എന്നതാണ്. മുദാഹന(പ്രീണനം) എന്നാൽ

ശേഷം പേജ് 11 ൽ

## തഫ്സീർ

**സൗമ്യതയോടെയും വിവേകത്തോടുംകൂടി സംസാരിക്കുക. കാരണം, പെട്ടെന്ന് പൊട്ടിത്തെറിച്ച് ദേഷ്യപ്പെടുകയും വികാരഭരിതനാകുകയും ചെയ്യുന്നയാൾക്ക് മറ്റുള്ളവർക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നതല്ല.**

ഇസ്‌ലാം മതപ്രബോധനത്തിന്റെ (തബ്‌ലീഗിന്റെ) തത്വങ്ങളെക്കുറിച്ച്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ താഴെ ക്കൊടുത്ത ഖുർആൻ സൂക്തത്തെ (സൂറഃ അന്നഹ്ൽ: 126) വിശദീകരിച്ചുകൊണ്ട് പറയുന്നു:

اُدۡعُ اِلٰی سَبِیۡلِ رَبِّکَ بِالۡحِکۡمَۃِ وَالۡمَوۡعِظَۃِ الۡحَسَنَۃِ وَجَادِلۡہُمۡ بِالَّتِیۡ ہِیَ اَحۡسَنُ

(തത്ത്വജ്ഞാനവും സദുപദേശവും കൊണ്ടു നിന്റെ നാഥന്റെ മാർഗത്തിലേക്കു നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക.)

ഹിക്മത്ത് (ജ്ഞാനം/യുക്തി) എന്ന പദത്തിന് സഹനശീലം എന്നും അർഥമുണ്ട്. സൗമ്യതയോടെയും വിവേകത്തോടുംകൂടി സംസാരിക്കുക. കാരണം, പൊട്ടിത്തെറിച്ച് ദേഷ്യപ്പെടുകയും വികാരഭരിതനാകുകയും ചെയ്യുന്നയാൾക്ക് മറ്റുള്ളവർക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നതല്ല.

നുബുവ്വത്ത് (പ്രവാചകത്വം) എന്നതിന്റെ അർഥവിവക്ഷ ദൈവിക

ശേഷം പേജ് 8 ൽ

### തിരുത്ത്

ബദർ വാല്യം 10 ലക്കം 46 ൽ അല്ലാഹുവിന്റെ വചനം എന്ന ശീർഷകത്തിലുള്ള ഖുർആനിക വചനത്തിനു കൊടുത്തിരിക്കുന്ന അർഥം ഇപ്രകാരം തിരുത്തി വായിക്കാനപേക്ഷ.

**'ഭൂമിയിലോ ആകാശങ്ങളിലോ ഉള്ള യാതൊന്നും അല്ലാഹുവിൽനിന്നു ഗോപ്യമാകുന്നില്ലതന്നെ.'**

തെറ്റുപറ്റിയതിൽ ഖേദിക്കുന്നു. (പത്രാധിപർ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

ഹദ്റത്ത് അബൂ ഖൈഥമ ؓ ഷെഡ്ഡിന്റെ വാതിൽക്കൽ നിന്നു. ഭാര്യമാർ ഒരുക്കിയ സൗകര്യങ്ങൾ കണ്ടപ്പോൾ പറഞ്ഞു: റസൂലുല്ലാഹ് ﷺ കഠിനമായ വെയിലിലും ഉഷ്ണക്കാറ്റിലുമുള്ള യാത്രയിലായിരിക്കുമ്പോൾ, അബൂ ഖൈഥമ ശീതള ഛായയിലും നല്ല ഭക്ഷണം കഴിച്ചും സുന്ദരികളായ ഭാര്യമാരോടും തന്റെ കന്നുകാലികളോടുമൊപ്പം കഴിയുകയോ!
അത് ഒരിക്കലും ന്യായമായ സംഗതിയല്ല. എന്നിട്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! ഞാൻ റസൂലുല്ലാഹ്ﷺയുടെ അടുക്കൽ എത്തുന്നത് വരെ നിങ്ങളെ ആരെയും സമീപിക്കില്ല.

---

നബിതിരുമേനിﷺ ഹദ്റത്ത് മുആദ്ؓനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: മുആദ്! താങ്കൾക്ക് ദീർഘായുസ്സ് ലഭിക്കുകയാണെങ്കിൽ, ഈ സ്ഥലം തോട്ടങ്ങൾ കൊണ്ട് നിറഞ്ഞതായി കാണും.

---

ഹദ്റത്ത് മുആദ് ഈ സ്ഥലം കാണുമെന്നും ആ താഴ്‌വര വൃക്ഷങ്ങളാലും തോട്ടങ്ങളാലും സമൃദ്ധമായ ഒരു പ്രദേശമായി മാറുമെന്നും നബിതിരുമേനി ﷺ യ്ക്ക് വഹ്‌യ് (ദിവ്യബോധനം) വഴി അറിവ് ലഭിച്ചതായിരിക്കാം.

---

നബിതിരുമേനി ﷺ യുടെ മുഅ്ജിസത്തിന്റെ (അത്ഭുതം) ബർക്കത്ത് (അനുഗ്രഹം) കാരണമാണ് ഇന്ന് തബൂക്കിൽ ഇത്രയധികം വെള്ളമുള്ളത്. മദീനയിലും ഖൈബറിലുമല്ലാതെ ഇത്രയധികം വെള്ളം ഞങ്ങൾ മറ്റെവിടെയും കണ്ടിട്ടില്ല. സത്യത്തിൽ തബൂക്കിലെ വെള്ളം ഈ രണ്ടു സ്ഥലങ്ങളെക്കാളും കൂടുതലാണ്. ഈ വെള്ളം ഉപയോഗിച്ച് ഇപ്പോൾ തബൂക്കിൽ എല്ലായിടത്തും തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നു. നബിതിരുമേനിﷺയുടെ പ്രവചനം പോലെ തബൂക്ക് പ്രദേശം തോട്ടങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു, ഓരോ ദിവസവും അത് വർദ്ധിച്ചുവരുകയുമാണ്.

---

അവിടുന്ന് പ്രാർഥിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു ദൈവ മാർഗത്തിൽ കാവൽ നിൽക്കുന്നവർക്ക് കാവൽ നിൽക്കുന്നവരോട് കരുണ കാണിക്കട്ടെ. നിങ്ങൾ സംരക്ഷണം നല്കിയ ഓരോ മനുഷ്യജീവനും മൃഗത്തിനും പകരമായി നിങ്ങൾക്ക് ഓരോ ഖീറാത്ത് പ്രതിഫലം ലഭിക്കുന്നതാണ്.

---

റബ്‌വ ദുരന്തത്തിൽ പരിക്കേറ്റവർക്കും പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും അഹ്മദികൾക്കും ഫലസ്തീനിലെ പീഡിതർക്കും വേണ്ടി ദുആയ്ക്കുള്ള ആഹ്വാനം

ഗുലാം മുഹയുദ്ദീൻ സുലൈമാൻ സാഹിബ്, ഡോ. മുഹമ്മദ് ശഫീഖ് സഹഗൽ സാഹിബ്, ബുശ്റ പർവേസ് മിൻഹാസ് സാഹിബ എന്നിവരെക്കുറിച്ചുള്ള സുസ്മരണ.

**ഖുത്ബ ജുമുഅ 2025 ഒക്ടോബർ 31, 1404 അഖാഅ് 31 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്പം നാളുകളായി ഗസ്‌വ തബൂക്കിനെക്കുറിച്ചാണ് വിവരിക്കുന്നത്. നബിതിരുമേനിﷺയുടെ ഈ യുദ്ധനീക്കത്തിനായുള്ള പുറപ്പാടിന്റെ വിശദാംശങ്ങൾ ചരിത്രത്തിൽ ഇപ്രകാരം വന്നിരിക്കുന്നു, ഇസ്‌ലാമിക സൈന്യം തബൂക്കിലേക്ക് യാത്ര തിരിച്ച ശേഷം, നബിതിരുമേനി ﷺ ആദ്യമായി താവളമടിച്ചത് ദൂ ഖുശബ് എന്ന സ്ഥലത്താണ്. മദീനയിൽ നിന്ന് ഒരു രാത്രിയുടെ യാത്രാദൂരത്തിൽ സ്ഥിതി ചെയ്യുന്നതും സിറിയയിലേക്കുള്ള വഴിയിലുള്ളതും ധാരാളം നീരുറവകളുള്ളതുമായ ഒരു താഴ്‌വരയാണ് ദൂ ഖുശബ്. അവിടെ വച്ച് നബിതിരുമേനി ﷺ ളുഹർ, അസർ നമസ്കാരങ്ങൾ ഒരുമിച്ചു (ജംആക്കി) നിർവഹിക്കാൻ തുടങ്ങി. ഈ യാത്രയിലുടനീളം ളുഹർ-അസർ, മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ സ്ഥിരമായി ഒരുമിച്ചു നിർവഹിച്ചിരുന്നു.

۔(کتاب المغازی للواقدی جلد 2 صفحہ 386 باب غزوہ تبوک۔ دارالکتب العلمیہ 2004ء)(دائرہ معارف سیرت محمد رسول اللہ ﷺ جلد 9 صفحہ 484 بزم اقبال لاہور)(فرہنگ سیرت صفحہ 114 زوار اکیڈمی پبلی کیشنز کراچی 2003ء)۔

യാത്രാമധ്യേ നബിതിരുമേനി ﷺ താവളമടിച്ച മുഴുവൻ സ്ഥലങ്ങളെക്കുറിച്ചുമുള്ള പൂർണമായ വിവരങ്ങൾ ലഭ്യമല്ല. അവയിൽ ചില സ്ഥലങ്ങളുടെ പേരുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അവസരം ലഭിച്ചാൽ ഇൻശാ അല്ലാഹ്, അവ പിന്നീട് വിവരിക്കുന്നതാണ്. ഹദ്റത്ത് മുആദ് ബിൻ ജബൽ ؓ വിവരിക്കുന്നു: നബിതിരുമേനി ﷺ തബൂക്ക് യുദ്ധത്തിലായിരിക്കുമ്പോൾ, അവിടുന്ന് യാത്ര പുറപ്പെടുന്നതിനുമുമ്പ് സൂര്യൻ മധ്യസ്ഥാനത്തു നിന്നു തെറ്റിയിരുന്നു (ളുഹർ സമയം ആയിരുന്നു). അതിനാൽ അവിടുന്ന് ളുഹറും അസറും ഒരുമിച്ചു നമസ്കരിച്ചു. അഥവാ സൂര്യൻ തെറ്റുന്നതിനുമുമ്പ് യാത്ര പുറപ്പെട്ടാൽ, അസർ സമയമെത്തുന്നതുവരെ ളുഹർ നമസ്കാരം പിന്തിക്കുമായിരുന്നു. മഗ്‌രിബിന്റെ കാര്യത്തിലും ഇതുപോലെ ചെയ്യുമായിരുന്നു. അവിടുന്ന് യാത്ര പുറപ്പെടുന്നതിനുമുമ്പ് സൂര്യൻ അസ്തമിച്ചാൽ, മഗ്‌രിബും ഇശായും ഒരുമിച്ചു നിർവഹിക്കുമായിരുന്നു. എന്നാൽ സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് യാത്ര പുറപ്പെട്ടാൽ ഇശാ സമയമാകുന്നതുവരെ യാത്രതുടർന്ന് മഗ്‌രിബ് പിന്തിക്കുകയും എന്നിട്ട് അവ രണ്ടും ഒരുമിച്ചു ചേർത്ത് നിർവഹിക്കുകയും ചെയ്യുമായിരുന്നു.

۔(سنن ابی داؤد کتاب صلاۃ السفر باب الجمع بین الصلوٰتین حدیث 1208و1210)۔

ഈ യാത്രയിൽ ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫിന് ؓ ഇമാമത്ത് (നമസ്കാര നേതൃത്വം) വഹിക്കാനുള്ള സൗഭാഗ്യം ലഭിച്ചുവെന്നും പരാമർശമുണ്ട്. അതിന്റെ സംഭവം ഇപ്രകാരമാണ്: ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ ؓ വിവരിക്കുന്നു: അദ്ദേഹം നബിതിരുമേനി ﷺ യോടൊപ്പം ഗസ്‌വ തബൂക്കിൽ പങ്കെടുത്തു. സുബഹി നമസ്കാരത്തിന് മുമ്പായി നബിതിരുമേനി ﷺ പ്രാഥമിക കൃത്യങ്ങൾക്കായി പുറപ്പെട്ടു. ഞാൻ ഒരു വെള്ളം നിറച്ച തുകൽ സഞ്ചി എടുത്ത് അവിടുത്തോടൊപ്പം നടന്നു. നബിതിരുമേനി ﷺ തിരികെ വന്നപ്പോൾ ഞാൻ അല്പം അകലെ മാറി നിന്നു. ഞാൻ അതിൽ നിന്നും അവിടുത്തെ കൈകളിലേക്ക് വെള്ളം ഒഴിച്ചു കൊടുത്തു. അവിടുന്ന് തന്റെ ഇരുകൈകളും മൂന്ന് തവണ കഴുകി. (ഇവിടെ വുദു (അംഗശുദ്ധി) എടുക്കുന്ന രീതിയാണ് വിവരിക്കുന്നത്). പിന്നീട് അവിടുന്ന് തിരുമുഖം കഴുകി. തുടർന്ന് അവിടുന്ന് തന്റെ കൈകൾ ജുബ്ബയുടെ (അങ്കി) കൈകൾക്കുള്ളിലൂടെ പുറത്തെടുക്കാൻ ശ്രമിച്ചു, പക്ഷേ കൈകൾ ഇടുങ്ങിയതായിരുന്നു. അതിനാൽ അവിടുന്ന് കൈകൾ ജുബ്ബക്ക് ഉള്ളിലൂടെ പുറത്തെടുത്തിട്ട് കൈമുട്ടുകൾ വരെ കഴുകി. ശേഷം അവിടുന്ന് സോക്സിനു മുകളിൽ തടവി (മസ്ഹ് ചെയ്തു). അതായത് അപ്പോൾ സോക്സു ധരിച്ചിരുന്നതിനാൽ അതിനു മുകളിൽ തടവി വൃത്തിയാക്കി. എന്നിട്ട് മുന്നോട്ട് ഗമിച്ചു. മുഗീറ ؓ പറയുന്നു: ഞാനും അവിടുത്തെ അനുധാവനം ചെയ്തു. അവസാനം ഞങ്ങൾ ജനങ്ങളുടെ അടുത്തെത്തിയപ്പോൾ അവർ ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫിനെ ؓ ഇമാമായി നിർത്തുകയും അദ്ദേഹം അവരെ

നമസ്കരിപ്പിക്കുകയുമായിരുന്നു. അപ്പോൾ നബിതിരുമേനി ﷺക്ക് നമസ്കാരത്തിന്റെ രണ്ടിൽ ഒരു റക്അത്ത് കിട്ടി. അതായത് ജനങ്ങൾ അപ്പോഴേക്കും ആദ്യ റക്അത്ത് നമസ്കരിച്ചിരുന്നു. അവിടുന്ന് രണ്ടാമത്തെ റക്അത്തിൽ അവർക്കൊപ്പം ചേർന്നു. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് ؓ സലാം വീട്ടിയ ശേഷം നബിതിരുമേനി ﷺ തന്റെ നമസ്കാരം പൂർത്തിയാക്കാനായി എഴുന്നേറ്റപ്പോൾ, അതുകണ്ട് മുസ്‌ലിങ്ങൾക്കിടയിൽ പരിഭ്രാന്തിയുണ്ടായി. അവർ ധാരാളമായി തസ്ബീഹ് (സുബ്ഹാനല്ലാഹ്) ചൊല്ലാൻ തുടങ്ങി. നബിതിരുമേനി ﷺ നമസ്കാരം പൂർത്തിയാക്കിയ ശേഷം ജനങ്ങളിലേക്ക് തിരിഞ്ഞുകൊണ്ടു നിങ്ങൾ ചെയ്തത് ശരിയാണ് അല്ലെങ്കിൽ നിങ്ങൾ ചെയ്തതു നന്നായി എന്നു പറഞ്ഞു. (നമസ്കാരം അതിന്റെ സമയത്ത് നിർവഹിച്ചതുകൊണ്ട് അവിടുന്ന് അവരെ പ്രശംസിച്ചു.)

صحیح مسلم مترجم جلد 2 صفحہ 185-184 کتاب الصلاۃ باب تقدیم الجماعۃ من یصلی بھم اذا تاخر الامام حدیث 632

സമൂദ് ഗോത്രത്തിന്റെ നഗരാവശിഷ്ടങ്ങളിലൂടെ കടന്നുപോയതിനെക്കുറിച്ചും പരാമർശമുണ്ട്. ഹദ്റത്ത് ഇബ്നു ഉമറിൽ ؓ നിന്ന് നിവേദനം: തബൂക്ക് യുദ്ധയാത്രാവേളയിൽ നബിതിരുമേനി ﷺ ഹിജ്ർ എന്ന സ്ഥലത്ത് തങ്ങിയപ്പോൾ അവിടുന്ന് അവരോട് അവിടുത്തെ കിണറിലെ വെള്ളം കുടിക്കുകയോ മറ്റുള്ളവർക്ക് കൊടുക്കുകയോ ചെയ്യരുതെന്ന് നിർദേശിച്ചു. അപ്പോൾ സ്വഹാബികൾ പറഞ്ഞു: ഞങ്ങൾ ആ വെള്ളംകൊണ്ട് ആട്ടമാവ് കുഴക്കുകയും ഞങ്ങളുടെ മൃഗങ്ങൾക്ക് വെള്ളം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നബിതിരുമേനി ﷺ അവരോട് കുഴച്ച മാവ് കളയാനും കൈവശമുള്ള വെള്ളം മറിക്കാനും നിർദേശിച്ചു. ഒരു നിവേദനത്തിൽ നബിതിരുമേനി ﷺ ഭക്ഷണം കളയാൻ കൽപ്പിച്ചുവെന്ന് കാണാം. ഹദ്റത്ത് അബൂദർറ് ؓ നിവേദനം ചെയ്ത മറ്റൊരു റിപ്പോർട്ടിൽ ആ വെള്ളംകൊണ്ട് മാവ് കുഴച്ചവർ അവിടെയുള്ള വെള്ളംകൊണ്ട് കുഴച്ച മാവ് വലിച്ചെറിയാൻ നബിതിരുമേനി ﷺ കൽപ്പിച്ചുവെന്ന് കാണാം.

۔( صحیح البخاری کتاب احادیث الانبیاء باب قول اللہ تعالیٰ والیٰ ثمود اخاھم صالحا حدیث 3378)۔

മറ്റൊരു നിവേദനത്തിൽ നബിതിരുമേനി ﷺ പറഞ്ഞു: ആ കിണറ്റിലെ വെള്ളം കുടിക്കരുത് അതുകൊണ്ട് വുദു എടുക്കുകയുമരുത്. നിങ്ങൾ കുഴച്ച മാവ് ഒട്ടകങ്ങൾക്ക് കൊടുക്കുക. നിങ്ങൾ അതിൽനിന്ന് ഒരു കാരണവശാലും കഴിക്കരുത്.

۔(تاریخ الطبری جلد 2 صفحہ 183، دار الکتب العلمیۃ بیروت 2012ء)۔

മറ്റൊരു നിവേദനമനുസരിച്ച് നബിതിരുമേനി ﷺ പറഞ്ഞു: ഹദ്റത്ത് സ്വാലിഹിന്റെ ഒട്ടകം വെള്ളം കുടിക്കാൻ വന്നിരുന്ന കിണറ്റിൽ നിന്ന് മാത്രം വെള്ളം എടുക്കുക. (നിരോധിച്ച കിണറ്റിൽ നിന്ന് എടുക്കരുത്, പകരം സ്വാലിഹ് ؑ യുടെ ഒട്ടകം വെള്ളം കുടിച്ചിരുന്ന കിണറ്റിൽ നിന്ന് എടുക്കുക).

۔( صحیح البخاری کتاب احادیث الانبیاء باب قول اللہ تعالیٰ والیٰ ثمود اخاھم صالحا حدیث 3379)۔

ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജർ അസ്ഖലാനി പറയുന്നത് ഹദ്റത്ത് സ്വാലിഹ് ؑ ന്റെ ഒട്ടകത്തിന്റെ കിണറിനെക്കുറിച്ച് നബിതിരുമേനി ﷺ അറിഞ്ഞത് വഹ്‌യ് (ദിവ്യബോധനം) വഴിയാണ്.

۔(فتح الباری شرح صحیح البخاری جلد 06 صفحہ 469 قدیمی کتب خانہ کراچی)۔

മറ്റൊരു നിവേദനത്തിൽ പറയുന്നു: നബിതിരുമേനി ﷺ ഹിജ്ർ വഴി കടന്നുപോയപ്പോൾ അവിടുന്ന് പറഞ്ഞു: അക്രമം ചെയ്തവരുടെ വാസസ്ഥലങ്ങളിൽ കരഞ്ഞുകൊണ്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അല്ലാഹുവിനെക്കുറിച്ചുള്ള കടുത്ത ഭയവും വിനയവും നിങ്ങളിൽ ഉണ്ടായിരിക്കണം. ഇവിടെ വച്ച് ശിക്ഷ ഇറങ്ങിയ സമൂഹങ്ങളുടെ വാസസ്ഥലങ്ങളിലൂടെയാണ് നിങ്ങൾ കടന്നുപോകുന്നത്. അവർക്ക് വന്നുഭവിച്ച ദുരന്തം നിങ്ങൾക്കും ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുക. പിന്നീട് നബിതിരുമേനി ﷺ തന്റെ മേലങ്കി കൊണ്ട് മുഖം മറയ്ക്കുകയും സവാരിക്ക് മുകളിൽ ഇരിക്കുകയുമായിരുന്നു. ഒരു നിവേദനത്തിൽ അവിടുന്ന് തലമറയ്ക്കുകയും വേഗത്തിൽ യാത്ര ചെയ്യുകയും അപ്രകാരം താഴ്‌വര കടന്നുപോകുകയും ചെയ്തു എന്നും കാണാം.

۔( صحیح البخاری کتاب المغازی باب نزول النبی ﷺ الحجر حدیث 4419)۔

ഈ ഹിജ്ർ എന്ന പ്രദേശം മദീനയിൽ നിന്ന് തബൂക്കിലേക്ക് പോകുന്ന വഴിക്കാണ് സ്ഥിതി ചെയ്യുന്നത്. അവിടെയാണ് ഹദ്റത്ത് സ്വാലിഹിന്റെ സമൂദ് ഗോത്രം താമസിച്ചിരുന്നത്. ഈ പ്രദേശം ഇന്ന് മദാഇൻ സ്വാലിഹ് എന്ന പേരിലാണ് പ്രസിദ്ധം. അല്ലാഹു ഈ ജനതയെ ധാരാളം അനുഗ്രഹങ്ങൾ കൊണ്ട് അനുഗ്രഹിച്ചു. പച്ചപ്പുള്ള കൃഷിയിടങ്ങൾ, ഒഴുകുന്ന നീരുറവകൾ, വിശാലമായ കൃഷിയിടങ്ങൾ, ഈന്തപ്പനകളും മറ്റ് ഫലങ്ങളുമുള്ള തോട്ടങ്ങൾ എന്നിവ അവർക്കുണ്ടായിരുന്നു. അവർക്ക് സമാനതകളില്ലാത്ത ശക്തിയും കഴിവും ഉണ്ടായിരുന്നു. അവർക്ക് വലിയ കഴിവുകളുണ്ടായിരുന്നു, കഠിനാധ്വാനികളായിരുന്നു. അല്ലാഹു അവരെ പ്രകൃതിവിഭവങ്ങൾ കൊണ്ട് ധാരാളമായി അനുഗ്രഹിച്ചിരുന്നു. പർവതങ്ങളിൽ വീടുകൾ നിർമിക്കാനുള്ള വൈദഗ്ധ്യം അവർക്കുണ്ടായിരുന്നു. ഹദ്റത്ത് സ്വാലിഹിന്റെ ഒട്ടകം അവർക്ക് ഒരു ദൃഷ്ടാന്തമായിരുന്നു. പക്ഷേ, അവർ അതിന്റെ കുതി ഞരമ്പുകൾ മുറിച്ചു. അതിനെത്തുടർന്ന് അല്ലാഹു അവരെ ശിക്ഷകൊണ്ട് നശിപ്പിച്ചു. വിശുദ്ധ ഖുർആനിൽ ഈ സമൂഹത്തെ അസ്ഹാബുൽ ഹിജ്ർ (ഹിജ്റുകാർ) എന്ന് വിളിക്കുന്നു, കൂടാതെ ഖുർആനിൽ അൽ-ഹിജ്ർ എന്ന പേരിൽ ഒരു അധ്യായവുമുണ്ട്.

اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 485 دار السلام) (دائرہ معارف سیرت محمد رسول اللہ ﷺ جلد 9 صفحہ 490 بزم اقبال لاہور

ഈ യാത്രയിൽ നബിതിരുമേനി ﷺ യുടെ ഒട്ടകം കാണാതായ സംഭവവും രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവരണം ഇതാണ്: നബിതിരുമേനി ﷺ തബൂക്കിലേക്ക് പോകുമ്പോൾ വഴിയിൽ വച്ച് അവിടുത്തെ ഖസ്‌വ എന്ന ഒട്ടകം കാണാതായി. സ്വഹാബികൾ അതിനെ തിരയാൻ തുടങ്ങി. ഹദ്റത്ത് ഉമ്മാറ ബിൻ ഹസം ؓ നബിതിരുമേനി ﷺ യോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം അഖബാ ഉടമ്പടിയിൽ പങ്കെടുത്തതും, ബദരീ സ്വഹാബിയുമായിരുന്നു. ഹദ്റത്ത് ഉമ്മാറയുടെ കൂടാരത്തിൽ സൈദ് ബിൻ സല്ത് എന്നൊരാളുണ്ടായിരുന്നു. ഇയാൾ ബനൂ ഖൈനുഖാഅ് എന്ന ജൂത ഗോത്രത്തിൽ പെട്ടവനായിരുന്നു. പിന്നീട് മുസ്‌ലിമായെങ്കിലും നാമമാത്ര മുസ്‌ലിമായിരുന്നു. അയാൾ കപടവിശ്വാസം പ്രകടിപ്പിച്ചു. അയാളുടെ വിശ്വാസം ദൃഢമായിരുന്നില്ല. നബിതിരുമേനി ﷺ യുടെ അടുത്ത് ഹദ്റത്ത് ഉമ്മാറ ؓ ഇരിക്കുമ്പോൾ, സൈദ് കൂടാരത്തിലുള്ളവരോട് പറഞ്ഞു: മുഹമ്മദ് ﷺ താൻ നബിയാണെന്ന് വാദിക്കുകയും, വാനലോകത്തുനിന്നുള്ള വൃത്താന്തങ്ങൾ നിങ്ങൾക്ക് അറിയിച്ചുതരുകയും ചെയ്യുന്നില്ലേ? എന്നിട്ട് ഇപ്പോൾ സ്വന്തം ഒട്ടകം എവിടെ പോയെന്ന് അദ്ദേഹത്തിന് അറിയില്ല. സൈദ് തന്റെ കൂടാരത്തിൽ ഇങ്ങനെ സംസാരം നടത്തുകയായിരുന്നു. അതേസമയംതന്നെ നബിതിരുമേനി ﷺ തന്റെ അടുത്തിരുന്ന ഹദ്റത്ത് ഉമ്മാറയോട് ؓ പറഞ്ഞു: ഒരാൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു: മുഹമ്മദ് ﷺ താൻ നബിയാണെന്ന് നിങ്ങളോട് പറയുകയും വാനലോകത്തുനിന്നുള്ള വൃത്താന്തങ്ങൾ നിങ്ങൾക്ക് അറിയിച്ചുതരുകയും ചെയ്യുന്നു എന്ന് വിശ്വസിക്കുന്നു. എന്നിട്ട് സ്വന്തം ഒട്ടകം എവിടെയാണെന്ന് അദ്ദേഹത്തിന് അറിയില്ല. നബിതിരുമേനി ﷺ തുടർന്നു: അല്ലാഹുവാണ! അല്ലാഹു എനിക്ക് അറിവ് തന്നതല്ലാതെ എനിക്ക് അദൃശ്യജ്ഞാനം അറിയില്ല. അല്ലാഹു എനിക്ക് പറഞ്ഞുതരുന്നത് മാത്രമേ ഞാൻ അറിയുകയുള്ളൂ. തീർച്ചയായും അല്ലാഹു എനിക്ക് ഒട്ടകത്തെക്കുറിച്ച് അറിയിച്ചുതന്നിരിക്കുന്നു. അത് ഇന്ന ഇന്ന മലയിടുക്കുകളിലുണ്ട്. (ഒരു മലയിടുക്കിലേക്ക് അവിടുന്ന് വിരൽ ചൂണ്ടി). ആ കപടവിശ്വാസിയുടെ സംസാരം കേട്ട ഉടൻ അല്ലാഹു രോഷം കാണിക്കുകയും, അവിടുത്തേക്ക് ആ സ്ഥലത്തെക്കുറിച്ച് കശ്ഫ് (വെളിപാട്) വഴിയോ ഇൽഹാം (ദിവ്യബോധനം) വഴിയോ അറിയിച്ചു കൊടുക്കുകയും ചെയ്തു. അതിന്റെ കടിഞ്ഞാൺ ഒരു മരത്തിൽ കുടുങ്ങിക്കിടക്കുന്നുണ്ട്. അതിനാൽ നിങ്ങൾ പോയി അതിനെ എന്റെ അടുത്തേക്ക് കൊണ്ടുവരുക. അങ്ങനെ സ്വഹാബികൾ പോയി അതിനെ കൊണ്ടുവന്നു. ശേഷം ഹദ്റത്ത് ഉമ്മാറ ؓ തന്റെ കൂടാരത്തിലേക്ക് പോയി പറഞ്ഞു: അല്ലാഹുവാണ! ഇന്ന് ഒരു അത്ഭുതകരമായ സംഭവം ഉണ്ടായിരിക്കുന്നു. അല്ലാഹു നബിതിരുമേനി ﷺ യെ അറിയിച്ച ഒരു വ്യക്തിയുടെ സംസാരത്തെക്കുറിച്ച് അവിടുന്ന് ഇപ്പോൾ ഞങ്ങളോട് പറഞ്ഞു. ഹദ്റത്ത് ഉമ്മാറയുടെ കൂടാരത്തിലെ ഒരാൾ പറഞ്ഞു: അല്ലാഹുവാണ! താങ്കൾ ഇപ്പോൾ പറഞ്ഞ അതേ കാര്യം തന്നെ, താങ്കൾ വരുന്നതിനുമുമ്പ് സൈദ് പറഞ്ഞിരുന്നു. ഇത് കേട്ടപ്പോൾ ഹദ്റത്ത് അമ്മാറ ؓ സൈദിന്റെ കഴുത്തിൽ കുത്തിപ്പിടിച്ച് തന്റെ കൂട്ടുകാരോട് പറഞ്ഞു: അല്ലാഹുവിന്റെ അടിയാറുകളേ, എന്റെ കൂടാരത്തിൽ ഒരു പാമ്പുണ്ടായിരുന്നു. അതിനെ പുറത്താക്കു

ന്നതിൽ ഞാൻ അശ്രദ്ധനായിരുന്നു. സൈദിനോട് അദ്ദേഹം പറഞ്ഞു: ഇനിമുതൽ എനിക്ക് നിന്നോട് യാതൊരു ബന്ധവുമില്ല. ചില ആളുകൾ സൈദ് പിന്നീട് മാനസാന്തരപ്പെട്ടു എന്ന് വിശ്വസിക്കുന്നു. മറ്റു ചിലർ, അയാൾ കുഴപ്പങ്ങളിൽ തുടരുകയും, അതേ അവസ്ഥയിൽ മരിക്കുകയും ചെയ്തുവെന്ന് വിശ്വസിക്കുന്നു.

۔(تاریخ الخمیس جلد3 صفحہ18 غزوہ تبوک، دارالکتب العلمیہ بیروت 2009ء)۔

നബിതിരുമേനി ﷺ പറഞ്ഞ സ്ഥലത്തുനിന്ന് ഒട്ടകത്തെ കണ്ടെത്തി കൊണ്ടുവന്ന സ്വഹാബി ഹാരിസ് ബിൻ ഖസമ ആയിരുന്നു എന്നും ഒരു നിവേദനത്തിലുണ്ട്.

۔(اسد الغابہ جلد 1 صفحہ 603، دارالکتب العلمیہ بیروت 2003ء)۔

ഈ യാത്രയിൽ യാത്രാവിഭവം അഥവാ റേഷൻ കുറഞ്ഞ സംഭവവും രേഖപ്പെടുത്തിയിട്ടുണ്ട്.

അതിന്റെ വിവരണം ഇപ്രകാരമാണ്, ഹദ്റത്ത് അബൂഹുറൈറയിൽ ؓ നിന്ന് നിവേദനം: തബൂക്ക് യുദ്ധനീക്കത്തിൽ ആളുകൾക്ക് കഠിനമായ വിശപ്പ് അനുഭവപ്പെട്ടു. അവർ പറഞ്ഞു: യാ റസൂലല്ലാഹ് ﷺ! അങ്ങ് അനുവദിക്കുകയാണെങ്കിൽ, ഞങ്ങളുടെ വെള്ളം കൊണ്ടുവരുന്ന ഒട്ടകങ്ങളെ അറുത്ത് ഞങ്ങൾ തിന്നുകയും, കൊഴുപ്പ് ഉപയോഗിക്കുകയും ചെയ്യാം. അവിടുന്ന് പറഞ്ഞു: അങ്ങനെ ചെയ്തുകൊള്ളുക. (വിശപ്പ് കാരണം അവസ്ഥ വളരെ മോശമായിരുന്നു). നിവേദകൻ പറയുന്നു: ഇതറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ ؓ വന്നു അപേക്ഷിച്ചു: യാ റസൂലല്ലാഹ് ﷺ! അങ്ങ് അങ്ങനെ ചെയ്താൽ സവാരികൾ കുറഞ്ഞുപോകും. അതിനാൽ ആളുകളോട് അവരുടെ കൈവശമുള്ള ബാക്കിയുള്ള പാഥേയം കൊണ്ടുവരാൻ കൽപ്പിക്കുക. എന്നിട്ട് അതിൽ ബർക്കത്തിന് വേണ്ടി (അനുഗ്രഹത്തിനായി) പ്രാർഥിക്കുക. അല്ലാഹു അതിൽ ബർക്കത്ത് ചൊരിഞ്ഞേക്കാം. നബിതിരുമേനി ﷺ പറഞ്ഞു: അതെ, അത് ശരിയാണ്. നിവേദകൻ പറയുന്നു: അവിടുന്ന് ഒരു തുകൽ വിരിപ്പ് വരുത്തി വിരിച്ചു. എന്നിട്ട് എല്ലാവരുടെയും ബാക്കിയുള്ള പാഥേയം അഥവാ ഭക്ഷണസാധനങ്ങൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ചിലർ ഒരു കൈക്കുമ്പിൾ ചോളം, മറ്റു ചിലർ ഒരു പിടി ഈത്തപ്പഴം, ചിലർ റൊട്ടി കഷണങ്ങൾ എന്നിങ്ങനെ കൊണ്ടുവന്നു. അങ്ങനെ ആ വിരിപ്പിൽ അൽപ്പം സാധനങ്ങൾ ഒരുമിച്ചുകൂടി. നബിതിരുമേനി ﷺ അതിൽ ബർക്കത്തിനുവേണ്ടി പ്രാർഥിച്ചു. എന്നിട്ട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പാത്രങ്ങളിൽ എടുത്തുകൊള്ളുക. അവർ പാത്രങ്ങളിൽ എടുത്തു. അങ്ങനെ സൈന്യത്തിലെ ഒരു പാത്രം പോലും നിറയ്ക്കാത്തതായി ബാക്കിയായില്ല. എന്നിട്ട് അതിൽ നിന്ന് എല്ലാവരും വയറുനിറയെ കഴിച്ചു. കുറച്ച് ബാക്കിയാകുകയും ചെയ്തു. അപ്പോൾ നബിതിരുമേനി ﷺ പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുന്നു. യാതൊരു സംശയവുമില്ലാതെ ഈ രണ്ട് സാക്ഷ്യങ്ങളോടുംകൂടി അല്ലാഹുവിനെ കണ്ടുമുട്ടുന്ന ഒരു വ്യക്തിക്കും സ്വർഗം നിഷേധിക്കപ്പെടുകയില്ല.

۔(صحیح مسلم کتاب الایمان باب الدلیل علیٰ ان من مات علی التوحید... حدیث 45-27

ഈ യാത്രയിൽ വിവിധ സംഭവങ്ങളെക്കുറിച്ചും പരാമർശമുണ്ട്. രണ്ടുപേർ തമ്മിലുണ്ടായ വഴക്കിന്റെ സംഭവവും അതിലൊന്നാണ്: ഹദ്റത്ത് യഅ്ലാ ബിൻ ഉമയ്യ ؓ പറയുന്നു: ഞാൻ നബിതിരുമേനി ﷺ യോടൊപ്പം ഗസ്വ തബൂക്കിൽ പങ്കെടുത്തു. എനിക്കൊരു ഭൃത്യനുണ്ടായിരുന്നു. അവൻ മറ്റൊരാളുമായി വഴക്കിട്ടു. അവരിൽ ഒരാൾ മറ്റേയാളുടെ കൈയിൽ കടിച്ചു. കടികൊണ്ടയാൾ തന്റെ കൈ കടിക്കുന്നവന്റെ വായിൽ നിന്ന് വലിച്ചെടുത്തു. അപ്പോൾ കടിക്കുന്നവന്റെ മുൻനിര പല്ലുകളിൽ ഒന്ന് ഇളകിപ്പോയി. വലിച്ചെടുക്കാൻ കഴിയാത്തവിധം അയാൾ കഠിനമായി പിടിച്ചിരുന്നു. വലിച്ചപ്പോൾ കടിക്കുന്നവന്റെ പല്ല് ഇളകിപ്പോയി. എന്തായാലും അവർ രണ്ടുപേരും നബിതിരുമേനി ﷺ യുടെ അടുക്കൽ വന്നു. പല്ല് നഷ്ടപ്പെട്ടയാൾ ദിയത്ത് (നഷ്ടപരിഹാരം) ആവശ്യപ്പെട്ടു. ഇവനെന്റെ പല്ലുപൊട്ടിച്ചു, എനിക്ക് അതിനു നഷ്ടപരിഹാരം വേണമെന്ന് ആവശ്യപ്പെട്ടു. നബിതിരുമേനി ﷺ ആ അപേക്ഷ തള്ളിക്കൊണ്ടു പറഞ്ഞു അത് ശരിയല്ല. അതായത് അയാൾക്ക് നഷ്ടപരിഹാരത്തിന് അർഹതയില്ലെന്നു പറഞ്ഞു. അവിടുന്ന് ചോദിച്ചു: അവൻ പിന്നെ താങ്കളുടെ വായിൽ തന്റെ കൈ ചവച്ചരയ്ക്കാൻ വേണ്ടി വിട്ടുകൊടുക്കണമായിരുന്നോ, ഒട്ടകത്തിന്റെ വായിൽ ചവച്ചരയ്ക്കാൻ കൊടുക്കുന്നതു പോലെ? (അതായത്, കൈ കടിച്ചപ്പോൾ കൈ രക്ഷിക്കാനായി വലിച്ചെടുത്തതുകൊണ്ടാണ് പല്ല് പോയത്. അത് സ്വരക്ഷയുടെ ഭാഗമായിരുന്നു, അതിനാൽ ദിയത്ത് നല്കേണ്ടതില്ല.)

۔( صحیح البخاری کتاب المغازی باب غزوۃ تبوک و ھی غزوۃ العسرۃ، حدیث 4417۔ مترجم جلد 9 صفحہ 299-300)۔

۔(سُنن ابن ماجہ کِتَابُ الدِّیَاتِ، بَابُ مَنْ عَضَّ رَجُلًا فَنَزَعَ یَدَہُ فَنَدَرَ ثَنَایَاہُ، حدیث نمبر 2656)۔

അതുകൊണ്ട്, ദിയത്തിനെക്കുറിച്ചുള്ള വിധി യാഥാർഥ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ചാണ് നല്കുന്നത്. യാഥാർഥ്യങ്ങൾ പരിശോധിക്കാതെ വെറുതെ ദിയത്ത് നല്കേണ്ടിവരില്ല.

ഈ യാത്രയിലെ പല സംഭവങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ട്. ഉദാ: ഹദ്റത്ത് ഹുമൈദ് സാഇദി ؓ വിവരിക്കുന്നത്: ഗസ്വ തബൂക്കിലെ യാത്രാമധ്യേ നബിതിരുമേനി ﷺ വാദീ ഖുറായിൽ എത്തിയപ്പോൾ അവിടെ ഒരു ഈത്തപ്പഴത്തോട്ടം കണ്ടു. നബിതിരുമേനി ﷺ സ്വഹാബികളോട് ചോദിച്ചു: ഇതിൽ എത്ര ഈത്തപ്പഴം ഉണ്ടാകും എന്ന് ഏകദേശം കണക്കാക്കുക. എല്ലാവരും കണക്കാക്കി. നബിതിരുമേനി ﷺ യും പത്ത് വസ്ഖ് (ഏകദേശം 1800 കിലോഗ്രാം) ഉണ്ടാകുമെന്ന് അനുമാനിച്ചു. അത്രയും ഈത്തപ്പഴം അതിൽ നിന്ന് വിളവുണ്ടാകുമെന്നായിരുന്നു അവിടുത്തെ കണക്ക്. തോട്ടത്തിന്റെ ഉടമസ്ഥയായ സ്ത്രീ അവിടെ ഉണ്ടായിരുന്നു. നബിതിരുമേനി ﷺ അവളോട് പറഞ്ഞു: നിങ്ങൾ തോട്ടത്തിലെ ഫലം പറിക്കുമ്പോൾ അതിന്റെ ഭാരം ഓർത്തു വയ്ക്കണം. നിവേദകൻ പറയുന്നു: തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ ഞങ്ങൾ അതേ തോട്ടത്തിനടുത്തെത്തി. അപ്പോൾ ഞങ്ങൾ ആ സ്ത്രീയോട് എത്ര ഫലം ലഭിച്ചുവെന്ന് ചോദിച്ചു. അവൾ പറഞ്ഞത് നബിതിരുമേനി ﷺ കണക്കാക്കിയ അതേ അളവായിരുന്നു. അതായത് പത്ത് വസ്ഖ്.

ഈ നിവേദകൻ തന്നെ പറയുന്നു: ഞങ്ങൾ തബൂക്കിൽ എത്തിയപ്പോൾ നബിതിരുമേനി ﷺ പറഞ്ഞു: സൂക്ഷിക്കുക! ഇന്ന് രാത്രി ശക്തമായ കാറ്റുണ്ടാകും. ആരും എഴുന്നേറ്റ് നിൽക്കരുത്, ഒട്ടകമുള്ളവർ അതിന്റെ കാൽമുട്ടുകൾ ബന്ധിക്കണം. ആർക്കെങ്കിലും ആവശ്യത്തിന് പുറത്ത് പോകേണ്ടിവന്നാൽ ഒറ്റയ്ക്ക് പോകരുത്. രണ്ടുപേർ ഒരുമിച്ച് പോകണം. നബിതിരുമേനി ﷺ കൊടുങ്കാറ്റിന്റെ വരവ് മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം, അല്ലെങ്കിൽ അല്ലാഹു അവിടുത്തേക്ക് അറിയിച്ചുകൊടുത്തതാവാം. സ്വഹാബികൾ പറയുന്നു: ഞങ്ങൾ തിരുവചനമനുസരിച്ച് ഒട്ടകങ്ങളെ ബന്ധിച്ചു. അന്ന് രാത്രി അതിശക്തമായ കൊടുങ്കാറ്റുണ്ടായി. എഴുന്നേറ്റുനിന്ന ഒരാളെ കാറ്റ് ത്വയ് ഗോത്രത്തിന്റെ പർവതങ്ങളിൽ കൊണ്ടിട്ടു.

۔( صحیح البخاری کتاب الزکوٰۃ باب خرص التمر حدیث 1481، مترجم جلد 3 صفحہ 124، 125)۔

صحیح مسلم۔ نور فاؤنڈیشن۔ جلد 12 صفحہ 184)۔

۔(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 489 دار السلام

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു, ബനൂ സാഇദ ഗോത്രത്തിലെ രണ്ടുപേർ ഈ നിർദേശം പാലിച്ചില്ല. ഒരാൾ ഒറ്റയ്ക്ക് പ്രാഥമിക കാര്യങ്ങൾക്കായി പുറപ്പെട്ടു. മറ്റൊരാൾ ഒട്ടകത്തെ തേടി ഒറ്റയ്ക്ക് പോയി. പ്രാഥമിക കാര്യങ്ങൾക്കായി പോയവന് മാരകമായ തൊണ്ടരോഗം ബാധിച്ചു. ഒട്ടകത്തെ തേടിപ്പോയവനെ അതിശക്തമായ കാറ്റ് പറത്തിക്കൊണ്ട് പോയി ത്വയ് ഗോത്രത്തിലെ രണ്ട് പർവതങ്ങൾക്കിടയിൽ ഇട്ടു. ഈ വിവരം നബിതിരുമേനി ﷺ അറിഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: ഒരാളെയും കൂടെ കൂട്ടാതെ പുറത്തുപോകുന്നത് ഞാൻ വിലക്കിയിരുന്നില്ലേ? രോഗം ബാധിച്ചവർക്കുവേണ്ടി നബിതിരുമേനി ﷺ പ്രാർഥിച്ചപ്പോൾ അവർ സുഖം പ്രാപിച്ചു. ത്വയ് പർവതങ്ങളിൽ വീണവരെ പിന്നീട് ത്വയ്യ് ഗോത്രക്കാർ തന്നെ മദീനയിൽ നബിതിരുമേനി ﷺ യുടെ അടുത്തേക്ക് കൊണ്ടുവന്നു.

تاریخ الطبری جلد 2 صفحہ 183، دارالکتب العلمیہ) (بیروت 2012ء)(فیروز اللغات صفحہ 596 فیروز سنز

ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു, കൊടുങ്കാറ്റിന്റെ പിറ്റേന്ന് പ്രഭാതത്തിൽ ആളുകൾക്ക് വെള്ളം കിട്ടിയില്ല. അവർ നബിതിരുമേനി ﷺ യോട് അപേക്ഷിച്ചു. അപ്പോൾ നബിതിരുമേനി ﷺ പ്രാർഥിച്ചു. അല്ലാഹു ഒരു മേഘം അയക്കുകയും, അത് അവർക്കുവേണ്ടി ധാരാളമായി വർഷിക്കുകയും ചെയ്തു. അങ്ങനെ അവർ തങ്ങളുടെ തുകൽപാത്രങ്ങൾ നിറയ്ക്കുകയും, ആവശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

۔(السیرۃ النبویۃ لابن ہشام صفحہ 819، دارالکتب العلمیہ بیروت 2001ء)۔

നബിതിരുമേനി ﷺ യുടെ പ്രാർഥനയുടെ ഫലമായി തബൂക്ക് യാത്രയിൽ അത്ഭുതകരമായി മഴ

ലഭിച്ച മറ്റൊരു സംഭവം ഇപ്രകാരം കാണാം. ഹദ്റത്ത് ഇബ്നു അബ്ബാസ് ؓ നിവേദനം ചെയ്യുന്നു: താങ്കൾ തബൂക്ക് യുദ്ധത്തെക്കുറിച്ച് ഞങ്ങൾക്ക് എന്തെങ്കിലും പറഞ്ഞുതരുക എന്ന് ഹദ്റത്ത് ഉമർ ബിൻ ഖത്വാബിനോട് ؓ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞങ്ങൾ അത്യുഷ്ണ കാലത്താണ് തബൂക്കിലേക്ക് പുറപ്പെട്ടത്. ഞങ്ങൾ ഒരിടത്ത് താവളമടിച്ചു. ഞങ്ങൾക്ക് ദാഹം അനുഭവപ്പെട്ടു. കഴുത്ത് അറ്റ് പോകുന്നതുപോലെ വരെ തോന്നി. ഒരാൾ വെള്ളം തേടി പോയിട്ട് തിരിച്ചുവരാതിരുന്നാൽ, അവൻ മരിച്ചുപോയിരിക്കാം എന്നുപോലും ഞങ്ങൾ ഊഹിക്കുമായിരുന്നു. ഒരാൾ തന്റെ ഒട്ടകത്തെ ബലി നല്കുകയും അതിന്റെ വയറ്റിൽ നിന്ന് വെള്ളം പിഴിഞ്ഞ് കുടിക്കുകയും, ബാക്കിയുള്ള ഭാഗം വയറ്റിൽ വയ്ക്കുകയും ചെയ്യുമായിരുന്നു. എനിക്കുതോന്നുന്നത് സൂക്ഷിച്ചു വയ്ക്കാനുള്ള സ്ഥലത്ത് അതായത് പാത്രത്തിൽ (കണ്ടെയ്നറിൽ) സൂക്ഷിക്കുമായിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് ؓ അപേക്ഷിച്ചു: യാ റസൂലല്ലാഹ് ﷺ! അങ്ങയുടെ പ്രാർഥനയിൽ അല്ലാഹു നന്മ വച്ചിട്ടുണ്ട്. അതിനാൽ അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർഥിച്ചാലും. നബികരീം ﷺ ചോദിച്ചു: ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഞങ്ങൾ പറഞ്ഞു: അതെ. അപ്പോൾ നബികരീം ﷺ തന്റെ ഇരുകൈകളും ഉയർത്തി. അവിടുത്തെ കൈകൾ താഴുന്നതിനുമുമ്പ് തന്നെ കാർമേഘം തണൽ വിരിക്കുകയും മഴ പെയ്യാൻ തുടങ്ങുകയും ചെയ്തു. ആളുകൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന എല്ലാ പാത്രങ്ങളും നിറച്ചു. പിന്നീട് ഞങ്ങൾ പരിശോധിച്ചപ്പോൾ ആ സൈന്യത്തിൽ നിന്ന് മുന്നോട്ട് ഒരിടത്തും മഴ പെയ്തിരുന്നില്ലെന്ന് മനസ്സിലായി.

۔(السیرۃ النبویۃ لابن ہشام صفحہ 819، دارالکتب العلمیۃ بیروت 2001ء)۔

അതുപോലെ തബൂക്കിലെ നീരുറവയിൽ വെള്ളം വർധിച്ച അത്ഭുതവും പരാമർശിക്കപ്പെടുന്നുണ്ട്. ഹദ്റത്ത് മുആദ് ബിൻ ജബൽ ؓ പറയുന്നു: ഞങ്ങൾ റസൂലുല്ലാഹ് ﷺ യോടൊപ്പം തബൂക്ക് യുദ്ധം നടന്ന വർഷം പുറപ്പെട്ടു. അവിടുന്ന് നമസ്കാരങ്ങൾ ജംഅ് ആക്കിയിരുന്നു. ളുഹറും അസറും, മഗ്രിബും ഇശായും ഒരുമിച്ചു നിർവഹിച്ചു. ഒരു ദിവസം അവിടുന്ന് നമസ്കാരം അല്പം വൈകിപ്പിച്ചു. അവിടുന്ന് പുറത്തുവന്ന് ളുഹറും അസറും ഒരുമിച്ചു ചേർത്ത് നമസ്കരിച്ചു. പിന്നീട് അകത്തേക്ക് പോയി. ശേഷം പുറത്തുവന്ന് മഗ്രിബും ഇശായും ഒരുമിച്ചു ചേർത്ത് നമസ്കരിച്ചു. എന്നിട്ട് തിരുമേനി ﷺ പറഞ്ഞു: നാളെ ഇൻശാ അല്ലാഹ്, നിങ്ങൾ തബൂക്കിലെ നീരുറവയുടെ അടുത്തെത്തും. നല്ലപോലെ പകൽ വെളിച്ചമാകാതെ നിങ്ങൾ അവിടെ എത്തില്ല. അതിനാൽ നിങ്ങളിൽ ആരെങ്കിലും അതിന്റെ അടുത്തെത്തിയാൽ ഞാൻ വരുന്നത് വരെ ആ വെള്ളം തൊടരുത്. അവിടെ ഒരു നീരുറവയുണ്ടായിരുന്നു. ഞാൻ വരുന്നത് വരെ ആ വെള്ളം എടുക്കരുതെന്ന് അവിടുന്ന് കല്പിച്ചു. നിവേദകൻ പറയുന്നു: അങ്ങനെ ഞങ്ങൾ ആ നീരുറവയുടെ അടുത്തെത്തി. പക്ഷേ, രണ്ടുപേർ ഞങ്ങൾക്ക് മുമ്പേ അവിടെ എത്തിയിരുന്നു. നീരുറവയിൽ അല്പാല്പം വെള്ളം ഒഴുകുന്നുണ്ടായിരുന്നു. നിവേദകൻ പറയുന്നു: റസൂലുല്ലാഹ് ﷺ അവർ രണ്ടുപേരോടും ചോദിച്ചു: നിങ്ങൾ ഇതിലെ വെള്ളം തൊട്ടോ? അവർ പറഞ്ഞു: അതെ. അപ്പോൾ നബിതിരുമേനി ﷺ അവരെ അല്ലാഹു ഉദ്ദേശിച്ച വിധം താക്കീത് നല്കി. നിവേദകൻ പറയുന്നു: ശേഷം ആളുകൾ കൈകൾ കൊണ്ട് കുറേശ്ശെ വെള്ളമെടുത്ത് ഒരു പാത്രത്തിൽ ശേഖരിച്ചു. നബി കരീം ﷺ തന്റെ രണ്ട് കൈകളും മുഖവും ആ വെള്ളത്തിൽ കഴുകി. എന്നിട്ട് ആ വെള്ളം ആ നീരുറവയിലേക്ക് തന്നെ ഒഴിച്ചു. അപ്പോൾ ആ നീരുറവ അതിവേഗം ഒഴുകാൻ തുടങ്ങി. എല്ലാവർക്കും മതിയാവോളം കുടിക്കാൻ കഴിഞ്ഞു. അപ്പോൾ നബിതിരുമേനി ﷺ ഹദ്റത്ത് മുആദ് ؓ നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: മുആദ്! താങ്കൾക്ക് ദീർഘായുസ്സ് ലഭിക്കുകയാണെങ്കിൽ, ഈ സ്ഥലം തോട്ടങ്ങൾ കൊണ്ട് നിറഞ്ഞതായി കാണും.

صحیح مسلم کتاب الفضائل باب فی معجزات النبی ﷺ، حدیث 4215، مترجم نور فاؤنڈیشن جلد 12 صفحہ 185،184

മുഹമ്മദ് ബിൻ അബ്ദുൽബാഖി സർഖാനി ഈ ഹദീഥിന് വ്യാഖ്യാനം നല്കിക്കൊണ്ട് എഴുതി: ഇത് അദൃശ്യജ്ഞാനത്തെക്കുറിച്ചുള്ള ഒരു വാർത്തയായിരുന്നു, അത് പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മുആദിനെ നബിതിരുമേനി ﷺ പ്രത്യേകം എടുത്തുപറഞ്ഞതിലും ഒരു അദൃശ്യവാർത്ത ഉണ്ടായിരുന്നു. കാരണം, ദൈവനിർണയമനുസരിച്ച് പിന്നീട് ഹദ്റത്ത് മുആദ് ഈ പ്രദേശത്തേക്ക് (സിറിയയിലേക്ക്) വരുകയും, അവിടെ വച്ച് മരണപ്പെടുകയും ചെയ്തു. ഹദ്റത്ത് മുആദ് ഈ സ്ഥലം കാണുമെന്നും ആ താഴ്വര വൃക്ഷങ്ങളാലും തോട്ടങ്ങളാലും സമൃദ്ധമായ ഒരു പ്രദേശമായി മാറുമെന്നും നബിതിരുമേനി ﷺ യ്ക്ക് വഹ്യ് (ദിവ്യബോധനം) വഴി അറിവ് ലഭിച്ചതായിരിക്കാം.

ഇബ്നു വദ്ദാഹ് (അബൂ അബ്ദുല്ലാഹ് മുഹമ്മദ് ബിൻ വദ്ദാഹ്, ഹിജ്റ 199 മുതൽ 287 വരെ ജീവിച്ച സ്പെയിനിലെ പ്രസിദ്ധ മുഹദ്ദിഥ്) പറയുന്നു: ഞാൻ ആ നീരുറവയുടെ ചുറ്റുപാടുമുള്ള എല്ലാ സ്ഥലങ്ങളും കണ്ടിട്ടുണ്ട്. മരങ്ങളുടെ പച്ചപ്പും സമൃദ്ധിയും എത്രയധികമായിരുന്നു എന്നാൽ ഈ അവസ്ഥ അന്ത്യനാൾ വരെ തുടരുമെന്ന് തോന്നുന്നു. നബിതിരുമേനി ﷺ യുടെ പ്രവചനവും അങ്ങനെയായിരുന്നു.

شرح الزرقانی علی المؤطا جلد 1 صفحہ 436 داراحیاء التراث العربی بیروت 1997ء)۔(سیر اعلام النبلاء جزء 10 صفحہ 469 دارالحدیث قاہرہ 2006ء

അറ്റ്ലസ് സീറത്ത് നബവിയിൽ തബൂക്കിലെ ഈ നീരുറവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തബൂക്കിലെ ശരീഅത്ത് വകുപ്പ് തലവനായിരുന്ന ശൈഖ് സ്വാലിഹ് പറഞ്ഞു: ഈ നീരുറവ ഏകദേശം 1375 വർഷത്തോളം തുടർച്ചയായി ഉറവപൊട്ടി ഒഴുകിക്കൊണ്ടിരുന്നു. പിന്നീട് താഴ്ന്ന പ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ചപ്പോൾ, ഈ നീരുറവയിലെ വെള്ളം ആ ട്യൂബ് വെല്ലുകളിലേക്ക് വഴിതിരിച്ചുവിടപ്പെട്ടു. ഏകദേശം 25 ട്യൂബ് വെല്ലുകളിലേക്ക് വിഭജിച്ച ശേഷം ഇപ്പോൾ ഈ നീരുറവ വറ്റിപ്പോയിരിക്കുന്നു. അതിനുശേഷം ശൈഖ് സ്വാലിഹ് ഞങ്ങളെ ഒരു കുഴൽകിണറിന്റെ അടുത്തേക്ക് കൊണ്ടുപോയി. അവിടെ ഞങ്ങൾ കണ്ടത്, നാല് ഇഞ്ച് വ്യാസമുള്ള പൈപ്പ് വച്ചിരിക്കുന്നു. യാതൊരു യന്ത്രസഹായവുമില്ലാതെ അതിലൂടെ വെള്ളം ശക്തിയായി പുറത്തേക്ക് വരുന്നു. മറ്റ് കുഴൽകിണറുകളുടെയും സ്ഥിതി ഇതുതന്നെയാണെന്ന് ഞങ്ങളോട് പറഞ്ഞു.

നബിതിരുമേനി ﷺ യുടെ മുഅ്ജിസത്തിന്റെ (അത്ഭുതം) ബർക്കത്ത് (അനുഗ്രഹം) കാരണമാണ് ഇന്ന് തബൂക്കിൽ ഇത്രയധികം വെള്ളമുള്ളത്. മദീനയിലും ഖൈബറിലുമല്ലാതെ ഇത്രയധികം വെള്ളം ഞങ്ങൾ മറ്റെവിടെയും കണ്ടിട്ടില്ല. സത്യത്തിൽ തബൂക്കിലെ വെള്ളം ഈ രണ്ടു സ്ഥലങ്ങളെക്കാളും കൂടുതലാണ്. ഈ വെള്ളം ഉപയോഗിച്ച് ഇപ്പോൾ തബൂക്കിൽ എല്ലായിടത്തും തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നു. നബിതിരുമേനി ﷺ യുടെ പ്രവചനം പോലെ തബൂക്ക് പ്രദേശം തോട്ടങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു, ഓരോ ദിവസവും അത് വർദ്ധിച്ചുവരുകയുമാണ്.

۔(اٹلس سیرت نبوی ﷺ از ڈاکٹر شوقی ابو خلیل مترجم صفحہ 431 دارالسلام)۔

ഗസ്വ തബൂക്കിൽ പാറാവുചുമതലയെക്കുറിച്ച് ഇപ്രകാരം രേഖപ്പെട്ടിട്ടുണ്ട്. ഗസ്വ തബൂക്കിൽ നബിതിരുമേനി ﷺ ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിനെ ؓ

• ഹദീഥുന്നബ്വി ﷺ •

"അക്രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പ്രത്യേക സംരക്ഷണത്തിനായി നിയമിച്ചു. അദ്ദേഹം തന്റെ കൂട്ടുകാരോടൊപ്പം സൈന്യത്തിന് ചുറ്റും റോന്തുചുറ്റുമായിരുന്നു. ഒരു ദിവസം അദ്ദേഹം നബിതിരുമേനിﷺ യുടെ അടുത്ത് വന്ന് ഉണർത്തി: യാ റസൂലല്ലാഹ് ﷺ! നേരം വെളുക്കുന്നതുവരെ ഞങ്ങൾ ഞങ്ങളുടെ പിന്നിൽ നിന്ന് തക്ബീർ ധ്വനി മുഴങ്ങി കേൾക്കുന്നു. ഞങ്ങളിൽ മറ്റാരോടെങ്കിലും കാവലിനായി ചുറ്റി കറങ്ങാൻ അങ്ങ് കൽപ്പിച്ചിരുന്നോ? അവിടുന്ന് പറഞ്ഞു: ഞാൻ അങ്ങനെ കൽപ്പിച്ചില്ല. ഒരുപക്ഷേ ചില മുസ്‌ലിങ്ങൾ സ്വമേധയാ ഈ ജോലി ചെയ്യുന്നതാകാം. അപ്പോൾ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിട്ടില്ലാതിരുന്നിട്ടും പ്രവാചക സ്നേഹം കാരണം സ്വയം ഈ ജോലി ചെയ്തിരുന്ന ഹദ്റത്ത് സൽഖാൻ ബിൻ സലാമؓ ബോധിപ്പിച്ചു: യാ റസൂലല്ലാഹ്! ഞാൻ എന്റെ പത്ത് കുതിരപ്പടയാളികളായ മുസ്‌ലീങ്ങളോടൊപ്പം പുറപ്പെട്ട് ഡ്യൂട്ടിയിലുള്ളവർക്ക് സംരക്ഷണം നല്കുകയായിരുന്നു. അപ്പോൾ അവിടുന്ന് പ്രാർഥിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു ദൈവ മാർഗത്തിൽ കാവൽ നിൽക്കുന്നവർക്ക് കാവൽ നിൽക്കുന്നവരോട് കരുണ കാണിക്കട്ടെ. നിങ്ങൾ സംരക്ഷണം നല്കിയ ഓരോ മനുഷ്യജീവനും മൃഗത്തിനും പകരമായി നിങ്ങൾക്ക് ഓരോ ഖീറാത്ത് പ്രതിഫലം ലഭിക്കുന്നതാണ്. (ഒരു ഖീറാത്ത് ഏകദേശം രണ്ട് ഗ്രാം സ്വർണ്ണം തൂക്കമുണ്ട്).

سبل الھدیٰ و الرشاد جلد 5 صفحہ 453۔ ذکر من استعملہ ﷺ علی الحرس بتبوک۔ دار الکتب العلمیۃ بیروت 1993ء

(اوزانِ شرعیہ از مفتی محمد شفیع صاحب صفحہ 40 ادارۃ المعارف کراچی و انٹرنیٹ)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: തബൂക്ക് യാത്രയിൽ ഓരോ താവളത്തിലും ചില ആളുകൾ പിന്നോട്ട് പോകുമായിരുന്നു. സ്വഹാബികൾ നബിതിരുമേനിﷺയോട്: യാ റസൂലല്ലാഹ് ﷺ! ഇന്ന് ഇന്നയാൾ പിന്നോട്ട് പോയി എന്ന് ഉണർത്തുമ്പോൾ, അവിടുന്ന് പറയുമായിരുന്നു: നിങ്ങളവനെ വിട്ടേക്കുക. അവനിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ, അല്ലാഹു അവനെ നിങ്ങളോടൊപ്പം ചേർക്കും. ഇനി അതല്ലാത്ത മറ്റെന്തെങ്കിലുമാണ് അവനിലുള്ളതെങ്കിൽ അല്ലാഹു അവനിൽ നിന്ന് നിങ്ങൾക്ക് മോചനം നല്കും. ഇതിനിടയിൽ ആരോ പറഞ്ഞു: യാ റസൂലല്ലാഹ്! ഹദ്റത്ത് അബൂദർറ് ؓ പിന്നോട്ട് പോയിരിക്കുന്നു. അദ്ദേഹത്തിന്റെ ഒട്ടകത്തിന് മടിപിടിച്ചുപോയി. അവിടുന്ന് പറഞ്ഞു: നിങ്ങളവനെ വിട്ടേക്കുക. അവനിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ, അല്ലാഹു അവനെ നിങ്ങളോടൊപ്പം ചേർക്കും. ഇനി അതല്ലാത്ത മറ്റെന്തെങ്കിലുമാണ് അവനിലുള്ളതെങ്കിൽ അല്ലാഹു അവനിൽ നിന്ന് നിങ്ങൾക്ക് മോചനം നല്കും.

ഹദ്റത്ത് അബൂദർറിന്റെ ؓ ഒട്ടകം അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിക്കുകയും തീർത്തും മടിപിടിച്ചുപോകുകയും ചെയ്തിരുന്നു. ഒട്ടകം തീർത്തും മടിപിടിച്ച് ദുർബലമായപ്പോൾ അദ്ദേഹം അതിൽ നിന്ന് ഇറങ്ങി തന്റെ സാധനങ്ങൾ പുറത്ത് ചുമന്ന് നബി നബിതിരുമേനി ﷺ യുടെ പിന്നാലെ കാൽനടയായി യാത്ര തുടർന്നു. കുറച്ച് വഴിയമ്പലങ്ങൾ പിന്നിട്ട ശേഷം നബിതിരുമേനി ﷺ ഒരിടത്ത് താവളമടിച്ചു. അപ്പോൾ മുസ്‌ലിങ്ങളിൽ ഒരാൾ നോക്കിയിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്! വഴിയിൽ ഒരാൾ ഒറ്റയ്ക്ക് നടന്നു വരുന്നു! അപ്പോൾ അവിടുന്ന് പറഞ്ഞു: കുൻ അബാദർറ് (അബൂദർറ് ആയിരുന്നെങ്കിൽ). പിന്നീട് ആളുകൾ സൂക്ഷിച്ച് നോക്കിയിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹുവാണ, അത് അബൂദർറ് തന്നെയാണ്! അപ്പോൾ അവിടുന്ന് പറഞ്ഞു:

അല്ലാഹു അബൂദർറിനോട് കരുണ കാണിക്കട്ടെ. അദ്ദേഹം ഒറ്റയ്ക്ക് നടന്നു, ഒറ്റയ്ക്ക് മരിക്കും, ഒറ്റയ്ക്ക് ഉയിർത്തെഴുന്നേൽക്കും.

۔(السیرۃ النبویۃ لابن ہشام صفحہ 820-819، غزوۃ تبوک، دار الکتب العلمیۃ بیروت 2001ء)۔

നബിതിരുമേനി ﷺ ഹദ്റത്ത് അബൂദർറ് ഒറ്റക്കാവുന്നതിനെക്കുറിച്ച് പറഞ്ഞത് ഹദ്റത്ത് ഉസ്മാൻ ؓ ന്റെ ഖിലാഫത്ത് കാലത്ത് അക്ഷരംപ്രതി പുലർന്നു. അന്ന് അദ്ദേഹം കുടുംബസമേതം മദീനയുടെ പുറത്തുള്ള റബദയിൽ താമസമാക്കി. മദീനയിൽ നിന്ന് മൂന്ന് ദിവസത്തെ യാത്രാദൂരത്തിൽ (ഏകദേശം 96 മൈൽ അകലെ) സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് റബദ. അന്ന് അവിടെ മറ്റൊരു വാസസ്ഥലവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തോടൊപ്പം ഭാര്യയും മക്കളും ഒരു അടിമയും മാത്രമേ ഉണ്ടായിരുന്നുള്ളു.

അദ്ദേഹത്തിന്റെ മരണാസന്നനായപ്പോൾ, ഭാര്യ ഏകാന്തത കാരണം പരിഭ്രമിച്ചു. കഫൻ ചെയ്യാനുള്ള തുണി പോലും ഉണ്ടായിരുന്നില്ല. അത് കണ്ട് അവർ കരയാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് അബൂദർറ് ؓ അവരോട് കരയരുത് എന്ന് പറഞ്ഞു. എന്നിട്ട് പറഞ്ഞു: നിങ്ങളിൽ ഒരാൾ ഈ മരുഭൂമിയിൽ വച്ച് മരിക്കുമെന്നും അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ ഒരു കൂട്ടം സത്യവിശ്വാസികൾ പങ്കെടുക്കുമെന്നും റസൂലുല്ലാഹ്ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നിട്ട് അദ്ദേഹം തന്റെ ഭാര്യയോട് പറഞ്ഞു: നബിതിരുമേനി ﷺ ഈ കാര്യം പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം ഇപ്പോൾ മരണപ്പെട്ടു കഴിഞ്ഞു. ഈ മരുഭൂമിയിൽ ഒറ്റയ്ക്ക് ആരും മരിച്ചിട്ടുമില്ല. ഇനിയുള്ളത് ഞാൻ മാത്രമാണ്. നീ പരിഭ്രമിക്കേണ്ട. ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് കുളിപ്പിച്ച് മദീനയിലേക്കുള്ള വഴിയിൽ വയ്ക്കുക.അവർ അങ്ങനെ തന്നെ ചെയ്തു. കുറച്ച് സമയം കഴിഞ്ഞപ്പോൾ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് ؓ തന്റെ കൂട്ടുകാരോടൊപ്പം അതുവഴി കടന്നുപോകുകയായിരുന്നു. അദ്ദേഹം ഇറാഖിൽ നിന്ന് ഉംറക്ക് പോകുകയായിരുന്നു. ഇത് ഹദ്റത്ത് അബൂദർറിന്റെ ؓ ജനാസയാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. കരഞ്ഞുകൊണ്ട് പറഞ്ഞു: അബൂദർറ് ഒറ്റയ്ക്ക് നടന്നു, ഒറ്റയ്ക്ക് മരിക്കും എന്ന് റസൂലുല്ലാഹ് ﷺ സത്യമായി പറഞ്ഞിരിക്കുന്നു. എന്നിട്ട് അദ്ദേഹം തന്റെ കൂട്ടുകാരോടൊപ്പം ജനാസ നമസ്കരിക്കുകയും അദ്ദേഹത്തെ അവിടെത്തന്നെ മറമാടുകയും ചെയ്തു. തുടർന്ന് അദ്ദേഹം തന്റെ കൂട്ടുകാരോട് തബൂക്ക് യുദ്ധവുമായി ബന്ധപ്പെട്ട് ഹദ്റത്ത് അബൂദർറിനെക്കുറിച്ചുള്ള മുഴുവൻ സംഭവവും വിവരിക്കുകയും റസൂലുല്ലാഹ്ﷺ യുടെ വാക്ക് എങ്ങനെ പൂർത്തിയായി എന്ന് പറയുകയും ചെയ്തു.

۔(مسند احمد بن حنبل جلد 7 صفحہ 170 روایت 21700، 21701 دار الکتب العلمیۃ بیروت)۔

۔(السیرۃ الحلبیۃ جلد 3 صفحہ 191-190 غزوہ تبوک دار الکتب العلمیۃ 2002ء)(انساب الاشراف للبلاذری جزء 9 صفحہ 443 دار الفکر 1996ء)(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 484-483 دار السلام)(دائرہ معارف سیرت محمد رسول اللہ ﷺ، جلد 9 صفحہ 488-487 بزم اقبال لاہور)(فرہنگ سیرت صفحہ 130، 226 زوار اکیڈمی پبلی کیشنز کراچی 2003ء

ഗസ്‌വ തബൂക്കിന് ദിവസങ്ങൾക്കുമുമ്പ് മദീനയിൽ വന്ന് മുസ്‌ലിമായ ഹദ്റത്ത് വാഥില ബിൻ അസ്ഖഅ്ؓ സൈന്യത്തിൽ ചേർന്ന സംഭവവും ഉണ്ടായി. നബി കരീം ﷺ തബൂക്കിനായുള്ള ഒരുക്കം പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം മദീനയിലുണ്ടായിരുന്നു.

۔(اسد الغابہ جلد 5 صفحہ 399۔ واثلہ بن اسقع۔ دار الکتب العلمیۃ 2003ء)۔

۔(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 532 دار السلام)۔

ഹദ്റത്ത് വാഥില ബിൻ അസ്ഖഅ് ؓൽ നിന്നു നിവേദനം: തബൂക്ക് യുദ്ധത്തിനായി റസൂലുല്ലാഹ് ﷺ വിളംബരപ്പെടുത്തി. ഞാൻ എന്റെ വീട്ടിൽ പോയി തിരിച്ചുവന്നപ്പോൾ അതിനുമുമ്പു തന്നെ അവിടുത്തെ സ്വഹാബികൾ പുറപ്പെട്ടിരുന്നു. അപ്പോൾ ഞാൻ നഗരത്തിൽ ഇങ്ങനെ വിളിച്ചുപറയാൻ തുടങ്ങി: ഒരാളെ തന്നോടൊപ്പം സവാരിക്ക് കൂട്ടുകയും, അതിന് പകരം യുദ്ധമുതലിന്റെ (ഗനീമത്ത്) ഓഹരി ലഭിക്കാൻ

**• ഹദീഥുന്നബ്‌വിﷺ •**

**"തഅല്ലമുൽയഖീന."**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"തഹാദൂ തഹാബ്ബൂ."**
**സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ആഗ്രഹിക്കുകയും ചെയ്യുന്ന ആരെങ്കിലും ഉണ്ടോ? ഒരു വൃദ്ധനായ അൻസാരി പറഞ്ഞു: എന്നാൽ ആ ഓഹരി ഞങ്ങൾ എടുത്തോളാം. നിന്നെ ഞങ്ങളുടെ കൂടെ സവാരിക്ക് കൂട്ടുകയും, ഞങ്ങളോടൊപ്പം കഴിപ്പിക്കുകയും ചെയ്യാം. ഞാൻ പറഞ്ഞു: ശരി, ഈ വ്യവസ്ഥ എനിക്ക് സമ്മതമാണ്. ഞാനാണ് ആ വ്യക്തി. ആ വൃദ്ധൻ പറഞ്ഞു: എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ വിശ്വാസമർപ്പിച്ച് പോകുക. ഹദ്റത്ത് വാഥില رضی اللہ عنہ പറയുന്നു: അങ്ങനെ ഞാൻ വളരെ നല്ല ഒരു കൂട്ടുകാരനോടൊപ്പം പുറപ്പെട്ടു. അവസാനം അല്ലാഹു ഞങ്ങൾക്ക് യുദ്ധമുതൽ നല്കി. എന്റെ ഓഹരിയായി കുറച്ച് വേഗതയുള്ള ഒട്ടകങ്ങളെ ലഭിച്ചു. ഞാൻ അവയെ തെളിച്ച് എന്റെ കൂട്ടുകാരന്റെ അടുത്തേക്ക് കൊണ്ടുവന്നു. അദ്ദേഹം പുറത്തുവന്ന് തന്റെ ഒട്ടകത്തിന്റെ പുറകുവശത്ത് ഇരുന്നു. എന്നിട്ട് പറഞ്ഞു: ഇവയെ എന്നിൽ നിന്ന് പുറം തിരിച്ച് ഓടിക്കുക. പിന്നെ പറഞ്ഞു: ഇവയെ എന്റെ നേരെ തിരിച്ച് ഓടിക്കുക. അതിനുശേഷം അദ്ദേഹം പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം നിന്റെ ഒട്ടകങ്ങൾ വളരെ മികച്ചതാണ്. ഞാൻ പറഞ്ഞു: ഇത് ഞാൻ വ്യവസ്ഥ വച്ച പ്രകാരമുള്ള താങ്കളുടെ സ്വത്താണ്. അദ്ദേഹം പറഞ്ഞു: എന്റെ സഹോദരപുത്രാ, ഇത് നിനക്കുള്ളതാണ്, നീ തന്നെ വച്ചോളൂ. എന്റെ ഉദ്ദേശ്യം ഈ ഓഹരി നേടുകയായിരുന്നില്ല. (ഏതായാലും ഇക്കാരണത്താൽ അദ്ദേഹം യുദ്ധത്തിൽ പങ്കെടുത്തു.)

۔(سنن ابی داؤد کتاب الجہاد باب فی الرجل یکری دابتہ علی النصف......حدیث2676)۔

അതുപോലെ ഹദ്റത്ത് അബൂ ഖൈഥമ رضی اللہ عنہ സൈന്യവുമായി ചേർന്ന സംഭവവും വിവരിക്കപ്പെട്ടിട്ടുണ്ട്. റസൂലുല്ലാഹ് ﷺ യുടെ സംഘത്തിൽ നിന്ന് പിന്തിച്ചു നിന്ന സ്വഹാബികളിൽ ഒരാളായിരുന്നു ഹദ്റത്ത് അബൂ ഖൈഥമ رضی اللہ عنہ. ഈ ദിവസങ്ങളിൽ അദ്ദേഹം മദീനയിൽ ഉണ്ടായിരുന്നില്ല എന്ന് തോന്നുന്നു. നബിതിരുമേനി ﷺ തബൂക്കിലേക്ക് യാത്ര പുറപ്പെട്ട് ദിവസങ്ങൾക്ക് ശേഷം അദ്ദേഹം ഒരു കഠിനമായ ചൂടുള്ള ദിവസം വീട്ടിലെത്തി. അദ്ദേഹം കണ്ടത്, അദ്ദേഹത്തിന്റെ രണ്ട് ഭാര്യമാരും തോട്ടത്തിലെ തങ്ങളുടെ ഷെഡ്ഡുകളിൽ വെള്ളം തളിച്ച് ശീതീകരിക്കുകയും, അദ്ദേഹത്തിനായി തണുത്ത വെള്ളവും ഭക്ഷണവും തയ്യാറാക്കുകയും ചെയ്തിരിക്കുന്നു.

ഹദ്റത്ത് അബൂ ഖൈഥമ رضی اللہ عنہ ഷെഡ്ഡിന്റെ വാതിൽക്കൽ നിന്നു. ഭാര്യമാർ ഒരുക്കിയ സൗകര്യങ്ങൾ കണ്ടപ്പോൾ പറഞ്ഞു: റസൂലുല്ലാഹ് ﷺ കഠിനമായ വെയിലിലും ഉഷ്ണക്കാറ്റിലുമുള്ള യാത്രയിലായിരിക്കുമ്പോൾ, അബൂ ഖൈഥമ ശീതള ഛായയിലും നല്ല ഭക്ഷണം കഴിച്ചും സുന്ദരികളായ ഭാര്യമാരോടും തന്റെ കന്നുകാലികളോടുമൊപ്പം കഴിയുകയോ! അത് ഒരിക്കലും ന്യായമായ സംഗതിയല്ല.

എന്നിട്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! ഞാൻ റസൂലുല്ലാഹ് ﷺ യുടെ അടുക്കൽ എത്തുന്നത് വരെ നിങ്ങളെ ആരെയും സമീപിക്കില്ല.

അതിനാൽ നിങ്ങൾ രണ്ടുപേരും എനിക്കുവേണ്ടി യാത്രാസാധനങ്ങൾ ഒരുക്കുക. അവർ അതുപോലെ ചെയ്തു. തുടർന്ന് അബൂ ഖൈഥമ ഒട്ടകപ്പുറത്ത് കയറി, റസൂലുല്ലാഹ് ﷺ യുടെ പിന്തുടർന്നു യാത്രയായി. കഠിനമായ ചൂടും ഉഷ്ണക്കാറ്റുമുള്ള ഒരു മധ്യാഹ്ന നേരത്ത്, മരുഭൂമിയിൽ ദൂരെനിന്ന് ഒരു യാത്രികൻ വരുന്നത് നബിതിരുമേനി ﷺ കണ്ടു. ഇബ്നു ഹിശാമിന്റെ നിവേദനമനുസരിച്ച്, നബിതിരുമേനി ﷺ അപ്പോഴേക്കും തബൂക്കിൽ എത്തിയിരുന്നു. അവിടുന്ന് പറഞ്ഞു: **കുൻ അബാ ഖൈഥമ** (അബൂ ഖൈഥമ ആയിരുന്നെങ്കിൽ). അദ്ദേഹം അടുത്തുവന്നപ്പോൾ സ്വഹാബികൾ പറഞ്ഞു: യാ റസൂലല്ലാഹ് ﷺ! അല്ലാഹുവാണ! അത് അൻസാരിയായ അബൂ ഖൈഥമ തന്നെയാണ്. അദ്ദേഹം തന്റെ ഒട്ടകത്തെ ഇരുത്തി, റസൂലുല്ലാഹ് ﷺ യുടെ അടുത്ത് ചെന്ന് സലാം ചൊല്ലി. റസൂലുല്ലാഹ് ﷺ അദ്ദേഹത്തോട് ചോദിച്ചു: അബൂ ഖൈഥമാ! നീ എന്തുകൊണ്ടാണ് പിന്നോട്ട് പോയത്? അപ്പോൾ അദ്ദേഹം നടന്ന കാര്യങ്ങളെല്ലാം റസൂലുല്ലാഹ് ﷺ യോട് പറഞ്ഞു. അപ്പോൾ അവിടുന്ന് അദ്ദേഹത്തിന് വേണ്ടി നന്മക്കായി പ്രാർഥിച്ചു.

۔(السیرة النبویہ لابن ہشام صفحہ 817-818، غزوة تبوک، دار الکتب العلمیہ بیروت 2001ء)۔

۔(اسد الغابہ، جلد6 صفحہ 89 "ابو خیثمہ انصاری"۔ دار الکتب العلمیہ بیروت 1971ء)۔

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: ചരിത്രത്തിൽ ഇപ്രകാരം വരുന്നു, നബിതിരുമേനി ﷺ തബൂക്കിലേക്ക് പുറപ്പെട്ടപ്പോൾ ചില സ്വഹാബികൾ പിന്നോട്ട് പോയിരുന്നു. അവരിൽ ഒരാളായിരുന്നു അബൂ ഖൈഥമ. അദ്ദേഹം വളരെ നല്ല വ്യക്തിയായിരുന്നു. പിറകിലാകണമെന്ന് അദ്ദേഹം ചിന്തിച്ചതു പോലുമില്ല. എന്നാൽ യുദ്ധത്തിനായി പുറപ്പെടാനുള്ള കൽപ്പന വന്നപ്പോൾ അദ്ദേഹം വീട്ടിലുണ്ടായിരുന്നില്ല. അദ്ദേഹം വീട്ടിലെത്തിയപ്പോൾ ഭാര്യ തന്നോട് സംസാരിക്കാൻ ആഗ്രഹിക്കുന്നതുപോലെ കാത്തിരിക്കുന്നത് കണ്ടു. അദ്ദേഹം ഭാര്യയുടെ ആ ആഗ്രഹം അവഗണിച്ച് ചോദിച്ചു: റസൂലുല്ലാഹ് ﷺ യാത്ര പുറപ്പെട്ടുവോ? ഭാര്യ പറഞ്ഞു: ഒന്ന് ഇരിക്കുകയെങ്കിലും ചെയ്യുക. അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ യുദ്ധത്തിനായി പുറപ്പെട്ടിരിക്കുമ്പോൾ ഞാൻ വീട്ടിലിരുന്ന് വിശ്രമിക്കുകയോ! അബൂ ഖൈഥമക്ക് അത് സാധ്യമല്ല. ഉടൻ തന്നെ പുറത്തിറങ്ങി കുതിരയെ തയ്യാറാക്കി അതിൽ കയറി. നബികരീം ﷺ പോയ വഴിയിലൂടെ യാത്രയായി. ഒടുവിൽ കഠിനമായ യാത്രക്ക് ശേഷം പല ഇടത്താവളങ്ങൾ താണ്ടി നബിതിരുമേനി ﷺ യോടൊപ്പം ചേർന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഇവിടെ കുതിരയെക്കുറിച്ചാണ് പറഞ്ഞത്. ആദ്യ നിവേദനങ്ങളിൽ ചിലയിടത്ത് ഒട്ടകത്തെക്കുറിച്ചാണ് പറയുന്നത്. അല്ലെങ്കിൽ രണ്ടും ഉണ്ടായേക്കാം. എന്തായാലും സവാരിക്ക് ഉപയോഗിക്കുന്ന ഒരു മൃഗമായിരുന്നു.

അവസാനം അദ്ദേഹം സൈന്യത്തിന്റെ അടുത്തെത്തിയപ്പോൾ, ചില സ്വഹാബികൾ ദൂരെനിന്ന് പൊടി ഉയരുന്നത് കണ്ട് ആരാണ് വരുന്നതെന്ന് ഊഹിക്കാൻ തുടങ്ങി. ആ സമയം നബിതിരുമേനി ﷺ പറഞ്ഞു: കുൻ അബാ ഖൈഥമ (അബൂ ഖൈഥമ ആയിരുന്നെങ്കിൽ). ഈ വാക്യത്തിന്റെ അർഥം, വരുന്നയാൾ ആരെങ്കിലുമാകട്ടെ, അയാൾ അബൂ ഖൈഥമയായി മാറട്ടെ എന്നല്ല. മറിച്ച് അതിന്റെ അർഥം ഇതാണ്: വരുന്നയാൾ അബൂ ഖൈഥമ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

۔(تفسیر کبیر جلد4 صفحہ 168-169 مطبوعہ 2004ء قادیان)۔

കുൻ (ആകുക) എന്ന പദത്തെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ആദ്യം പ്രസ്താവിച്ചത് തഫ്സീർ കബീറിലുള്ള ഉദ്ദരണിയാണ്. മറ്റൊരിടത്ത് എഴുതി:

ഓർക്കുക, അറബി ഭാഷയിൽ കുൻ എന്ന വാക്ക് ഒരാളോട് കൽപ്പിക്കാനും, വെറും ആഗ്രഹം പ്രകടിപ്പിക്കാനും ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന്, റസൂൽ കരീം ﷺ സിറിയയിലേക്ക് സൈന്യം അയച്ചപ്പോൾ, അബൂ ഖൈഥമ എന്ന ഒരു സ്വഹാബിയുണ്ടായിരുന്നു. അദ്ദേഹത്തിൽ അവിടുത്തേക്ക് വലിയ വിശ്വാസമായിരുന്നു, അവിടുന്ന് അദ്ദേഹത്തെ വളരെ സ്നേഹിച്ചിരുന്നു. തന്റെ കടമ നിർവഹിക്കുന്നതിൽ ഈ വ്യക്തി അശ്രദ്ധ കാണിക്കില്ലെന്ന് അവിടുന്ന് കരുതിയിരുന്നു. പക്ഷേ, അവിടുന്ന് സൈന്യത്തോടൊപ്പം നഗരത്തിൽ നിന്ന് കുറച്ച് ദൂരം പോയി സ്വഹാബികളെ പരിശോധിച്ചപ്പോൾ അബൂ ഖൈഥമയെ കണ്ടില്ല. അപ്പോൾ അവിടുത്തേക്ക് അതീവ ദുഃഖമുണ്ടായി. എനിക്ക് ഇത്രയും നല്ല അഭിപ്രായമുണ്ടായിരുന്നിട്ടും അയാൾ ഈ

**• ഹദീഥുന്നബ്‌വി ﷺ •**

"അത്തഅ്സിയത്തു മർറത്തുൻ."

അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വി ﷺ •**

"അദ്ദുആഉ ഹുവൽ ഇബാദത്തു."

ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ജിഹാദിൽ നിന്ന് പിന്നോട്ട് പോയല്ലോ. അവിടുന്ന് പോകുമ്പോൾ ആരോ പറഞ്ഞു: തിരുമേനീ, പിന്നിൽ നിന്ന് ഒരാൾ വരുന്നുണ്ട്. അവിടുന്ന് അങ്ങോട്ട് നോക്കിയിട്ട് പറഞ്ഞു: **കുൻ അബാ ഖൈഥമ.** ആ പൊടി മാഞ്ഞ് അയാൾ അടുത്തുവന്നപ്പോൾ, ആളുകൾ കണ്ടത് അത് അബൂ ഖൈഥമ തന്നെയായിരുന്നു. അപ്പോൾ അവിടുന്ന്, തന്റെ ആഗ്രഹം ഇത്ര വേഗം പൂർത്തിയാക്കിയതിന് അല്ലാഹുവിനെ സ്തുതിച്ചു. ഇവിടെ കുൻ അബാ ഖൈഥമ എന്നതിന്റെ അർഥം, വരുന്നയാൾ മറ്റൊരാളായിരുന്നിട്ടും നബിﷺ അയാൾ അബൂ ഖൈഥമ ആയി മാറട്ടെ എന്ന് പറഞ്ഞു എന്നല്ല. മറിച്ച്, ദൈവമേ വരുന്ന ആൾ അബൂ ഖൈഥമയായിരിക്കണേ എന്ന് ഞാൻ ആഗ്രഹിക്കുന്നു എന്നായിരുന്നു കുൻ അബാ ഖൈഥമ എന്നതിന്റെ അർഥം. അതിനാൽ അറബി ഭാഷയിൽ കുൻ എന്ന വാക്ക് ചിലപ്പോൾ ആഗ്രഹം പ്രകടിപ്പിക്കാനും ഉപയോഗിക്കാറുണ്ട്.

(تفسیر کبیر جلد5 صفحہ250 مطبوعہ2004ء قادیان)

അദ്ദേഹം വ്യാഖ്യാനിച്ച ആയത്ത് ഞാൻ ഇവിടെ കേൾപ്പിച്ചിട്ടില്ല, എന്നാൽ കുൻ എന്ന പദത്തിന്റെ വിശദീകരണമാണ് കേൾപ്പിച്ചത്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

റബ്‌വയിലെ പള്ളിയിൽ നടന്ന ആക്രമണത്തിൽ പരിക്കേറ്റവർക്കു വേണ്ടി പ്രാർഥിക്കുക. ഗുരുതരമായി പരിക്കേറ്റവരെ അല്ലാഹു തന്റെ സംരക്ഷണത്തിൽ വയ്ക്കുകയും, വേഗത്തിൽ പൂർണ സൗഖ്യം പ്രദാനം ചെയ്യുകയും ചെയ്യട്ടെ. പാകിസ്ഥാനിലെ എതിരാളികളുടെ എല്ലാ പദ്ധതികളെയും അല്ലാഹു പരാജയപ്പെടുത്തുകയും നിഷ്ഫലമാക്കുകയും ചെയ്യട്ടെ. റബ്‌വയിൽ ഇന്ന് ഖത്മെ നുബുവ്വത്തിന്റെ പേരിൽ സമ്മേളനം നടക്കുന്നുണ്ട്. മൗലവിമാർക്ക് പറയാനുള്ള വൃത്തികേടുകളും അഴുക്കുകളും അവർ പറയുന്നു. അത് അവസാനിച്ചോ എന്നറിയില്ല. അവസാനിച്ചുകാണും. അല്ലാഹു അവരുടെ ഉപദ്രവത്തിൽ നിന്ന് (അഹ്മദികളെ) സംരക്ഷിക്കട്ടെ.

അതുപോലെ ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടിയും പ്രാർഥിക്കുക. അവിടെയും എതിരാളികളുടെ ദുരുദ്ദേശങ്ങൾ പ്രകടമാണ്. അവിടെയും ഓരോ അഹ്മദിയെയും അല്ലാഹു സംരക്ഷിക്കട്ടെ.

ഫലസ്തീനുകാർക്കുവേണ്ടിയും പ്രാർഥിക്കുക. അല്ലാഹു അവരോട് കരുണ കാണിക്കുകയും, അക്രമികളിൽ നിന്ന് മോചനം നല്കുകയും ചെയ്യട്ടെ. വെടിനിർത്തൽ എന്ന് പറയുന്നത് പേരിന് മാത്രമാണ്. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ ഇത് പേരിന് മാത്രമുള്ള വെടിനിർത്തലായിരുന്നു എന്ന് തെളിയിച്ചിരിക്കുന്നു. അല്ലാഹു ആ മർദ്ദിതരെ അക്രമത്തിൽ നിന്ന് രക്ഷിക്കുകയും, അക്രമികളെ പിടികൂടുകയും ചെയ്യട്ടെ. *(വിവ. അംനാസ് പി.കെ)*

പേജ് 1 ൽ നിന്ന്

വചനത്തിന്റെ സഹായത്തോടെ ജനങ്ങളെ ദീനിലേക്ക് (മതത്തിലേക്ക്) ക്ഷണിക്കുക എന്നതാണ്. ഖുർആൻ സ്വയം നല്കിയിട്ടുള്ള തെളിവുകൾ മാത്രം സമർപ്പിക്കുക. സ്വന്തമായി കെട്ടിച്ചമച്ച കാര്യങ്ങൾ അവതരിപ്പിക്കരുത്. ഈ തത്ത്വം മുസ്‌ലീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ജൂതമതത്തെയും ക്രിസ്തുമതത്തെയും അവർ അതിജയിക്കുമായിരുന്നു. നമ്മുടെ ആയുധം ഖുർആൻ മാത്രമാണ്. അല്ലാഹു പറയുന്നു:

وَجَاهِدْهُمْ بِهٖ (الفرقان رکوع۵)-

ഖുർആൻ എന്ന ഈ ഖഡ്ഗമേന്തി ലോകത്തോട് ജിഹാദിനായി (ധർമസമരത്തിനായി) ഇറങ്ങുക. എന്നാൽ, നിർഭാഗ്യവശാൽ പുറപ്പെടാൻ കൽപിക്കപ്പെട്ട ഈ വാൾ ഒഴികെ ഇന്ന് മുസ്‌ലിമിന്റെ കൈയിൽ ലോകത്തുള്ളതെല്ലാമുണ്ട്.

مَا يَمْنَعُ مِنَ الْجَهْلِ

(അജ്ഞതയെ തടയുന്നത് ) എന്നതിന്റെ അടിസ്ഥാനത്തിൽ, ആയത്തിനെ ഇങ്ങനെ വിവക്ഷിക്കാം, മറ്റുള്ളവർക്ക് മനസ്സിലാക്കാൻ കഴിയുന്ന രീതിയിലും അവരുടെ തെറ്റിദ്ധാരണകൾ നീക്കാൻ കഴിയുന്ന തരത്തിലും നിങ്ങൾ സംസാരിക്കുക. അതായത്, ആ സംസാരം അജ്ഞത വിപാടനം ചെയ്യുകയും സംസാരിക്കുന്ന വ്യക്തിയുടെ ഗ്രാഹ്യത്തിനനുസരിച്ചായിരിക്കുകയും വേണം. ഹദീഥിൽ വന്നിരിക്കുന്നു,

اَمَرَنَا رَسُوْلُ اللّٰہِ صَلَّى اللّٰهُ عَلَيْهِ وَ آلِهٖ وَسَلَّمَ اَنْ نُّكَلِّمَ النَّاسَ عَلٰى قَدْرِ عُقُوْلِهِمْ

(فردوس الاخبار للدیلمی فصل امر امرنا)

ജനങ്ങളോട് അവരുടെ ബുദ്ധിയുടെയും ഗ്രാഹ്യശേഷിയുടെയും അളവനുസരിച്ച് സംസാരിക്കാൻ നബിതങ്ങൾﷺ നമ്മോടു കൽപിച്ചു. ചിലർ പ്രസംഗിക്കുമ്പോൾ കടുകട്ടി വാക്കുകളും സാങ്കേതിക ശബ്ദങ്ങളും ഉപയോഗിച്ച് ഭയാദരങ്ങൾ ജനിപ്പിക്കാൻ ശ്രമിക്കുന്നു. ഇത് അജ്ഞർക്കിടയിൽ ഭയാദരങ്ങൾ സംജാതമാക്കുമെങ്കിലും, അവരുടെ പ്രഭാഷണം ആർക്കും പ്രയോജനപ്പെടില്ല.

സത്യത്തിന് അനുസ്യൂതമായ സംസാരത്തെയും ഹിക്മത്ത് എന്ന് പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആയത്തിന്റെ വിവക്ഷ ഇപ്രകാരമാണ്,സത്യത്തിന്റെയും സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ സംസാരിക്കണം. ഞങ്ങൾ സത്യദീനിലേക്കാണ് ക്ഷണിക്കുന്നതെന്നു കരുതി ചില തെറ്റായ കാര്യങ്ങൾ പറയുന്നവരും ഉണ്ട്. അത് തെറ്റായ രീതിയാണ്. ശത്രുവിനെതിരെ സംവദിക്കുമ്പോൾ സത്യം മാത്രം പറയുക. മറ്റുള്ളവർക്ക് മാർഗനിർദേശം നല്കി അവസാനം നിങ്ങൾ സ്വയം വഴിതെറ്റിപ്പോകരുത്. അല്ലാഹു പറയുന്നു:

لَا يَضُرُّكُمْ مَّنْ ضَلَّ اِذَا اهْتَدَيْتُمْ

(المائدہ ۱۰۶)

നിങ്ങൾ സന്മാർഗത്തിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ, മറ്റൊരാൾ വഴിതെറ്റിയതിനെക്കുറിച്ച് നിങ്ങൾ ഭയപ്പെടേണ്ട. അതായത്, ഒരാൾക്ക് സന്മാർഗം ലഭിക്കാൻ വേണ്ടി പാപമായ ഒരു കാര്യവും ചെയ്യരുത്. നിങ്ങളുടെ സന്മാർഗവും മറ്റൊരാളുടെ സന്മാർഗവും തമ്മിൽ കൂട്ടിമുട്ടുമ്പോൾ, നിങ്ങൾ നിങ്ങളുടെസന്മാർഗം ശ്രദ്ധിക്കുകയും അപരന്റെ കാര്യം അല്ലാഹുവിനു വിടുകയും ചെയ്യുക. എന്തെന്നാൽ ഒരു സത്യനിഷേധി സത്യവിശ്വാസിയാകുന്നതിനു വേണ്ടി ഒരു സത്യവിശ്വാസി സത്യനിഷേധിയാകുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

സന്ദർഭവും സാഹചര്യവും അനുസരിച്ചുള്ള സംസാരത്തെയും ഹിക്മത്ത് എന്ന് പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആയത്തിന്റെ വിവക്ഷ ഇപ്രകാരമാണ്, തബ്‌ലീഗിൽ അവസരോചിതം സംസാരിക്കണം. ചില തെളിവുകൾ ശത്രുവിനെ ചൊടിപ്പിക്കാൻ സാധ്യതയുണ്ടെങ്കിൽ, പിന്നെ അവർ നിങ്ങളുടെ വാക്ക് ശ്രദ്ധിക്കില്ലെങ്കിൽ, അനാവശ്യമായി അവരെ പ്രകോപിപ്പിക്കുന്നത് ശരിയല്ല. അവർക്ക് ശാന്തമായി കേൾക്കാൻ കഴിയുന്ന മറ്റ് തെളിവുകൾ നിങ്ങൾ അവതരിപ്പിക്കുക. അതായത്, സംസാരിക്കുന്നതിന് മുമ്പ് അവരുടെ സ്വഭാവം മനസ്സിലാക്കുക. നിങ്ങൾ അനാവശ്യമായി അവരെ പ്രക്ഷുബ്ധരാക്കിയാൽ ഒരു പ്രയോജനവും ഉണ്ടാകില്ല.

നോക്കൂ, അല്ലാഹു എത്ര ചുരുങ്ങിയ വാക്കുകളിലാണ് തബ്ലീഗിന്റെ സകല തത്ത്വങ്ങളും വിവരിച്ചിരിക്കുന്നത്. അത് പ്രാവർത്തികമാക്കുന്ന ആരും തന്നെ ലക്ഷ്യപ്രാപ്തരാകാതിരിക്കില്ല.

**അൽ – മൗഇളത്തുൽ ഹസനഃ** (സദുപദേശം) എന്നതിന്റെ അർഥം മുമ്പും പ്രതിപാദിച്ചിട്ടുണ്ട് (അതായത്, ഹൃദയങ്ങൾ മയപ്പെടുത്തുകയും അവയെ ആഴത്തിൽ സ്വാധീനിക്കുകയും ചെയ്യുന്ന സംസാരം). ശുഷ്കമായ തെളിവുകൾ മാത്രം ഉപയുക്തമാക്കരുതെന്ന് മുസ്‌ലീങ്ങളെ ഇത്തരുണത്തിൽ ഉണർത്തിയിരിക്കുന്നു. മറിച്ച്, വികാരങ്ങളെ ഉണർത്തുന്ന കാര്യങ്ങളും പറയണം. ഹിക്മത്തിനോടൊപ്പം മൗഇളത്തുൽ ഹസനയും ഉൾപ്പെടുത്തുക. ഹസന (നല്ലത്) എന്ന പദപ്രയോഗത്തിലൂടെ പറഞ്ഞിരിക്കുന്നു: ഇന്നത്തെ വിവരദോഷികളായ ചില ഉലമാക്കൾ അകാരണമമായി സജ്ജനങ്ങളെ ഇളക്കിവിടാൻ ചെയ്യുന്നതുപോലെ മിഥ്യാഭിമാനം ഉളവാക്കരുത്.

**ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ** (ഏറ്റവും നല്ല രീതിയിൽ അവരോട് സംവദിക്കുക) എന്നു പറഞ്ഞുകൊണ്ട് ഉദ്ബോധിപ്പിക്കുന്നു, അവരോടു തർക്കിക്കുമ്പോൾ, വിവിധ തെളിവുകളിൽ നിന്ന് ഏറ്റവും മികച്ചതും ശക്തവുമായ തെളിവിനെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമാക്കുക. മറ്റു തെളിവുകളെ അതിന് ഉപോൽബലകമാക്കുക. അപ്രകാരം സഹായകരമായ തെളിവ് തകർന്നാൽ പ്രധാന തെളിവിന് ബലഹീനത സംഭവിക്കില്ല. എന്നാൽ കേന്ദ്രബിന്ദു ദുർബലമാണെങ്കിൽ, ശക്തമായ സഹായകരമായ തെളിവുകളും കൂടുതൽ പ്രയോജനം നല്കില്ല.

اِنَّ رَبَّكَ هُوَ اَعْلَمُ بِمَنْ ضَلَّ عَنْ سَبِيْلِهٖ وَهُوَ اَعْلَمُ بِالْمُهْتَدِيْنَ

(നിശ്ചയം, നിന്റെ രക്ഷിതാവ് മാത്രമാണ് തന്റെ മാർഗത്തിൽ നിന്ന് വഴിതെറ്റിയവരെപ്പറ്റി കൂടുതൽ അറിയുന്നവൻ. നേർമാർഗം പ്രാപിച്ചവരെക്കുറിച്ചും അവൻ കൂടുതൽ അറിയുന്നവനാണ്.) എന്ന വചനത്തിൽ അല്ലാഹു ഉപദേശിക്കുന്നത് ഇതാണ്: നിങ്ങൾ നന്നായി പ്രബോധനം തുടരുക. എന്നിട്ടും ആളുകൾ അത് സ്വീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് പ്രബോധനം ചെയ്യാൻ അറിയില്ല എന്ന നിഗമനത്തിലെത്തി നിരാശരാകരുത്. കാരണം, മിക്കവാറും നിങ്ങളുടെ പ്രബോധനത്തിൽ ഒരു കുറവും ഉണ്ടാകില്ല. പക്ഷേ, നിങ്ങൾ സംസാരിക്കുന്ന വ്യക്തിയുടെ ഹൃദയം അവന്റെ പാപങ്ങളുടെ കറ കാരണം അടഞ്ഞുപോയേക്കാം. അതുകൊണ്ട്, അല്ലാഹു അവന് സന്മാർഗ കവാടം തുറന്നു കൊടുത്തെന്ന് വരില്ല. ചുരുക്കത്തിൽ പ്രബോധനത്തിൽ മുഴുകിയിരിക്കുക. ഫലമുളവാക്കലും സ്വാധീനമുണ്ടാക്കലും അല്ലാഹുവിന്റെ ജോലിയാണ്.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

പേജ് 12 ൽ നിന്ന്



പേജ് 12 ൽ നിന്ന്

അഥർ അഹ്മദ് (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

റഹീം അഹ്മദ് (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

ഇബ്തിസാം അഹ്മദ് സിയാ (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

മാലിക് അബ്ദുർറഊഫ് (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ). അഹ്മദ് (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

ഉമൈർ അഹ്മദ് ശംസ് (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ). ഷിറാസ് മുഹമ്മദ് മജൂക (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ). സയ്യിദ് വജീഹുൽ ഹസൻ (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

ഉമൈർ ആസിഫ് (പാകിസ്ഥാനിൽ നിന്ന് എ.ടരക്ക് ഒന്നാം സ്ഥാനം). നയ്യിർ അഹ്മദ് (ബാച്ചിലർ ഓഫ് ബയോമെഡിക്കൽ സയൻസ്). മുഹമ്മദ് അൻസർ അബ്റു (ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ്). അതാഉൽ മുഹ്സിൻ വാരിസ് (ബാച്ചിലർ ഓഫ് ബയോമെഡിക്കൽ സയൻസ്).

സയ്യിദ് മുതഹ്ഹർ ജമാൽ (ഒ ആആട പാകിസ്ഥാൻ, രണ്ടാം സ്ഥാനം).

ശഹീദ് സാഹു ഖാൻ (ബാച്ചിലർ ഇൻ ഫാർമസി).

മഹ്മൂദ് അഹ്മദ് നാസിർ (ബാച്ചിലർ ഓഫ് മെക്കാനിക്കൽ എഞ്ചിനീയറിംഗ്).

താരിഖ് ചൗഹാൻ (ബാച്ചിലർ ഓഫ് സയൻസ്).

മുഹമ്മദ് ഹമീദ് അഹ്മദ് (ബാച്ചിലർ ഓഫ് അപ്ലൈഡ് സയൻസ്). അദീൽ അഹ്മദ് ഖാൻ (ബാച്ചിലർ ഓഫ് ഫിനാൻസ്).

ഹാരിസ് നസീർ സിയാ (ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ്).

ഹംസ ഖാലിഖ് (ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ്).

ദുൽഫിഖാർ മുഹമ്മദ് അൽ കബീർ (മാസ്റ്റർ ഓഫ് എഞ്ചിനീയറിംഗ്). അഥർ പർവേസ് റാണ (മാസ്റ്റർ ഓഫ് സോഷ്യൽ ഡെവലപ്മെന്റ്). നാസിർ അഹ്മദ് ഖാൻ (മാസ്റ്റർ ഓഫ് ഇൻഫർമേഷൻ ടെക്നോളജി). ഹൈദർ മസൂദ് (മാസ്റ്റർ ഓഫ് ഫിനാൻസ്).

ശാരിഖ് അഹ്മദ് ഖുറേഷി (മാസ്റ്റർ ഓഫ് ആർട്ട്സ്).

ഇബ്റാർ അഹ്മദ് ചുഗ്തായ് (മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്). മുസഫ്ഫർ അഹ്മദ് (മാസ്റ്റർ ഓഫ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ്).

ആതിഫ് സഊദ് ഷാഹിദ് (മാസ്റ്റർ ഓഫ് എഞ്ചിനീയറിംഗ്).

ഉസ്മാൻ മഹ്മൂദ് (മാസ്റ്റർ ഓഫ് എഞ്ചിനീയറിംഗ്).

സീശാൻ ബിലാൽ മഹ്മൂദ് (മാസ്റ്റർ ഓഫ് ഇൻഫർമേഷൻ).

ഉസ്മാൻ മത്തീ (മാസ്റ്റർ ഓഫ് ആർക്കിടെക്ചർ).

ഡോക്ടർ മുഹമ്മദ് അഷ്റഫ് (മാസ്റ്റർ ഓഫ് സർജറി).

മുഹമ്മദ് അബ്ദുൽ മാജിദ് (മാസ്റ്റർ ഓഫ് ബിസിനസ്).

ഇഷ്തിയാഖ് മഹ്മൂദ് സന്ധു (മാസ്റ്റർ ഇൻ ആർട്ട്സ് - പാകിസ്ഥാൻ, ഒന്നാം സ്ഥാനം).

ഡോക്ടർ മശ്ഹൂദ് ശാഹ് (ഡോക്ടർ ഓഫ് ഫിലോസഫി).

സഹീർ ഖാൻ (ചാർട്ടേർഡ് അക്കൗണ്ടന്റ്).

കലീം അഹ്മദ് മിർസാ (ചാർട്ടേർഡ് അക്കൗണ്ടന്റ്).

ഗുൽഫാം അഹ്മദ്(ചാർട്ടേർഡ് അക്കൗണ്ടന്റ്).

വജീഹ് അഹ്മദ് (ചാർട്ടേർഡ് അക്കൗണ്ടന്റ്).

നൂറുദ്ദീൻ അബ്ബാസ് (ചാർട്ടേർഡ് അക്കൗണ്ടന്റ്).

അബ്ദുർറശീദ് (ചാർട്ടേർഡ് അക്കൗണ്ടന്റ്).

ഡോക്ടർ ഇംറാൻ അഹ്മദ് ഖുർശീദ് (ഫെലോ ജനറൽ പ്രാക്ടീഷണേഴ്സ്). ഡോക്ടർ അബ്ദുൽ അലീം ഖാൻ (ഫെലോ ജനറൽ പ്രാക്ടീഷണേഴ്സ്). ഡോക്ടർ അബ്ദുൽ ഗഫ്ഫാർ ചൗധരി (ഫെലോ സർജൻ ഇൻ ഓർത്തോപീഡിക്സ്).

ഡോക്ടർ മുഹമ്മദ് യഅ്ഖൂബ് സിയാ (ഫെലോ അനസ്തറ്റിസ്റ്റ്).

ഡോക്ടർ മുനവ്വർ അഹ്മദ് റാണ (ഫെലോ അനസ്തറ്റിസ്റ്റ്).

ഡോക്ടർ അത്താഉർറഹ്മാൻ (ഫെലോ ഫിസിഷ്യൻസ് മെഡിസിൻ). ഡോക്ടർ ആമിർ മഹ്മൂദ് (ഫെലോ ജനറൽ പ്രാക്ടീഷണേഴ്സ്).

മുഹമ്മദ് മിർസ ബിൻ മൻസൂർ (ചാർട്ടേർഡ് അക്കൗണ്ടന്റ്).

ഒരു വിദ്യാർഥിനി, അതിയത്തുൽ ഗാലിബ് (ബാച്ചിലർ ഓഫ് സയൻസ്)ന്റെ അവാർഡ് അവരുടെ പിതാവ് മസൂദ് അഹ്മദ് സാഹിബ് (മുബല്ലിഗ് ഓസ്ട്രേലിയ) സ്വീകരിച്ചു.

പോഷകസംഘടനകളുടെ വിവിധ മത്സരങ്ങളിൽ സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാന പതാകയും പ്രശംസാ പത്രങ്ങളും വിതരണം ചെയ്തു

ഈ അവാർഡ് വിതരണ ചടങ്ങിന് ശേഷം, ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) സ്നേഹപൂർവ്വം മജ്‌ലിസ് അൻസാറുല്ലാഹ് ഓസ്ട്രേലിയയുടെ കീഴിൽ നടന്ന ഉപന്യാസ രചനാ മത്സരത്തിൽ പോഷക സംഘടനകളായ അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യ, അത്ഫാലുൽ അഹ്മദിയ്യ എന്നിവയിൽ ശ്രദ്ധേയമായ സ്ഥാനങ്ങൾ നേടിയവർക്ക് പ്രശംസാ പത്രങ്ങൾ സമ്മാനിച്ചു.

മജ്‌ലിസ് അൻസാറുല്ലയിൽ നിന്ന് മിർസ റംസാൻ ശരീഫ് സാഹിബ് ഒന്നാം സ്ഥാനവും മുജീബുർറഹ്മാൻ സനൗരി സാഹിബ് രണ്ടാം സ്ഥാനവും നേടി.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയിൽ നിന്ന് ഉസ്മാൻ മത്തീ സാഹിബ് ഒന്നാം സ്ഥാനവും, മുബഷിർ അഹ്മദ് വെയ്ൻസ് സാഹിബ് രണ്ടാം സ്ഥാനവും, മാലിക് ഇംറാൻ അഹ്മദ് സാഹിബ് മൂന്നാം സ്ഥാനവും നേടി.

അത്ഫാലുൽ അഹ്മദിയ്യയിൽ നിന്ന് അസീസം അർസലാൻ അഹ്മദ് നാസിർ ഒന്നാം സ്ഥാനവും, ഇഹ്തിശാം അഹ്മദ് ഗോന്ദൽ രണ്ടാം സ്ഥാനവും, നായബ് അഹ്മദ് മൂന്നാം സ്ഥാനവും നേടി.

തുടർന്ന് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയവും ശ്രദ്ധേയമായ സ്ഥാനങ്ങളും നേടിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും സമ്മാനിച്ചു.

തുടർന്ന് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അന്നൂർ സിഡ്നി ഓസ്ട്രേലിയക്ക് 2012-13 വർഷത്തെ ഇന്റർ-മജ്‌ലിസ് മത്സരത്തിൽ പ്രവർത്തന മികവിന് ഒന്നാം സ്ഥാനം നേടിയതിന് അലം ഇനാമി (സമ്മാന പതാക) സമ്മാനിച്ചു. അത്ഫാലുൽ അഹ്മദിയ്യയുടെ അലം ഇനാമി മജ്‌ലിസ് ഫസൽ ഉമർ സൗത്ത് ഓസ്ട്രേലിയക്ക് നല്കി. കൂടാതെ


• ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്. (ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുൻയാ മസ്‌റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

മജ്‌ലിസ് അൻസാറുല്ലയിലെ ഒരു മാതൃകാ നാസിറിന്, സ്വാദിഖ് സാഹിബിന്, പ്രശംസാ പത്രം സമ്മാനിച്ചു. അതിനുശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) മജ്‌ലിസ് അൻസാറുല്ലാഹ് സൗത്ത് ഓസ്ട്രേലിയക്ക് 2012 വർഷത്തിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചതിന് അലം ഇനാമി സമ്മാനിച്ച

തുടർന്ന് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അന്നൂർ സിഡ്നി ഓസ്ട്രേലിയക്ക് 2012-13 വർഷത്തെ ഇന്റർ-മജ്‌ലിസ് മത്സരത്തിൽ പ്രവർത്തന മികവിന് ഒന്നാം സ്ഥാനം നേടിയതിന് അലം ഇനാമി (സമ്മാന പതാക) സമ്മാനിച്ചു. അത്ഫാലുൽ അഹ്മദിയ്യയുടെ അലം ഇനാമി മജ്‌ലിസ് ഫസൽ ഉമർ സൗത്ത് ഓസ്ട്രേലിയക്ക് നല്കി. കൂടാതെ മജ്‌ലിസ് അൻസാറുല്ലയിലെ ഒരു മാതൃകാ നാസിറിന്, സ്വാദിഖ് സാഹിബിന്, പ്രശംസാ പത്രം സമ്മാനിച്ചു. അതിനുശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) മജ്‌ലിസ് അൻസാറുല്ലാഹ് സൗത്ത് ഓസ്ട്രേലിയക്ക് 2012 വർഷത്തിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചതിന് അലം ഇനാമി സമ്മാനിച്ചു.

അവാർഡുകളും സമ്മാനങ്ങളും വിതരണം ചെയ്ത ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) സമാപന പ്രസംഗം നടത്തി൦

## ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു)ന്റെ ഓസ്ട്രേലിയ ജൽസാ സാലാനയിലെ സമാപന പ്രസംഗം

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു:

ഞാൻ ആദ്യമായി ഇവിടെ പാരായണം ചെയ്ത ആയത്തുകളുടെ ആശയം വിവരിക്കാം. ഇപ്പോൾ അതിന്റെ വിശദീകരണത്തിലേക്കും വ്യാഖ്യാനത്തിലേക്കും കടക്കുന്നില്ല. എന്തായാലും സംക്ഷിപ്തമായി ചില പോയിന്റുകൾ ഇവിടെ അവതരിപ്പിക്കുന്നതായിരിക്കും.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു:

ഒന്നാമതായി അല്ലാഹു പറയുന്നു, ഒരു യഥാർഥ വിശ്വാസി പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കുന്നവനാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കാര്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുമ്പോഴെല്ലാം, ഒരു യഥാർഥ വിശ്വാസിയുടെ മറുപടി എപ്പോഴും, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്നായിരിക്കും. നിങ്ങളുടെ പ്രതികരണം ഇതായിരിക്കുമ്പോൾ, നിങ്ങളുടെ മറുപടി ഇതായിരിക്കുമ്പോൾ, നിങ്ങളുടെ ലക്ഷ്യം നിങ്ങൾ കൈവരിച്ചു എന്ന് മനസ്സിലാക്കുക എന്ന് അല്ലാഹു പറയുന്നു. എന്താണ് ലക്ഷ്യം? അല്ലാഹുവിന്റെ തൃപ്തി നേടുക.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു: കൂടാതെ, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് എന്തിനെയെങ്കിലും ഭയന്നോ കപടതയോടെയോ പറയരുത്. മറിച്ച് ദൈവഭക്തി പ്രകടമാക്കണം. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹവും ദൈവതൃപ്തിയും മുന്നിൽ വച്ച് അനുസരണയുടെ മാതൃകകൾ കാണിക്കണം. നിങ്ങളുടെ കുടുംബാംഗങ്ങൾക്കോ പ്രിയപ്പെട്ടവർക്കോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിപരമായ താത്പര്യത്തിനോ വേണ്ടി അനുസരണം പ്രകടിപ്പിക്കരുത്. നിങ്ങളുടെ താത്പര്യങ്ങൾക്ക് അനുകൂലമായിടത്ത് മാത്രം പ്രകടിപ്പിക്കരുത്. അല്ലാഹു ഹൃദയാന്തരങ്ങളിലെ അവസ്ഥ അറിയുന്നവനാണ്. അനുസരിക്കുന്നതിനുള്ള പ്രതിഫലമായി നിങ്ങളുടെ സ്ഥാനമാനങ്ങൾ ഉയർത്തുമെന്നും നിങ്ങൾക്ക് വിജയങ്ങൾ നല്കുമെന്നും അല്ലാഹു പറയുന്നു. കൂടാതെ, ഞങ്ങൾക്ക് കല്പന ലഭിച്ചാൽ ഞങ്ങൾ ഇത് ചെയ്യും, അത് ചെയ്യും എന്ന വാചാടോപം അരുത്. ഞങ്ങൾ ജമാഅത്തിനു വേണ്ടി ഏത് ത്യാഗവും സഹിക്കാൻ തയ്യാറുള്ളവരാണ് എന്ന് വെറും വാക്കാലുള്ള വാദമാകരുത്. സമയം വരുമ്പോൾ ഒഴികഴിവുകൾ പറയാതിരിക്കുക. അല്ലാഹു നിങ്ങളുടെ ഓരോ പ്രവൃത്തിയും അറിയുന്നവനാണ്. അതിനാൽ നിങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നാക്കുക. അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കില്ല. കൂടാതെ അല്ലാഹു പറയുന്നു, അല്ലാഹുവിനും അവന്റെ റസൂലിനും നിങ്ങളുടെ വാക്കുകളുടെയും വീരവാദങ്ങളുടെയും ആവശ്യമില്ല മറിച്ച് സമയം വരുമ്പോൾ ഒരു ത്യാഗത്തിൽ നിന്നും നിങ്ങൾ പിറകോട്ടടിക്കില്ലെന്ന് തെളിയിക്കുക. തുടർന്ന് പറഞ്ഞു, റസൂലിന്റെ ജോലി അല്ലാഹുവിന്റെ കല്പനകൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ഉപദേശിക്കുകയും ചെയ്യുക എന്നതാണ് എന്ന് ഓർക്കുക. ആളുകൾ അത് അനുസരിക്കുന്നില്ലെങ്കിൽ അതിന് പ്രവാചകൻ ഉത്തരവാദിയല്ല. നിങ്ങൾ കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ, ഉപദേശം സ്വീകരിക്കുന്നില്ലെങ്കിൽ, അതിന്റെ പാപഭാരം നിങ്ങളുടെ മേൽ ആയിരിക്കും.അല്ലാതെ റസൂലിന്റെമേൽ അല്ല എന്ന് പറഞ്ഞിരിക്കുന്നു. തുടർന്ന് അവൻ പറയുന്നു, നിങ്ങൾ കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ നിങ്ങൾ സന്മാർഗം ലഭിച്ചവരായി കണക്കാക്കപ്പെടും. അതുവഴി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങൾ അവകാശിയാകും. എന്താണ് പ്രതിഫലം? നിങ്ങൾ ഒരു ചരടിൽ കോർക്കപ്പെടും എന്ന് പറഞ്ഞിരിക്കുന്നു. ഈമാൻ (വിശ്വാസം) സുദൃഢമാകും. ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് ലഭിക്കുമാറാകും.

തുടർന്ന് അല്ലാഹു പറയുന്നു: അല്ലാഹു അവൻ നിങ്ങൾക്കായി ഇഷ്ടപ്പെട്ട മതത്തിൽ നിങ്ങളെ നിലനിർത്തും. അല്ലാഹു ഇഷ്ടപ്പെട്ട ദീൻ ഏതാണ്? ഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു പറയുന്നു, അത് ഇസ്ലാമാണ്. അതായത്, ഖിലാഫത്തുമായി ബന്ധപ്പെട്ടവർ യഥാർഥ മുസ്ലീങ്ങൾ ആയിരിക്കും. കാരണം ഇസ്ലാമിന്റെ ചൈതന്യം കുടികൊള്ളുന്നത് അഖണ്ഡതയിലും ഐക്യത്തിലുമാണ്.

തുടർന്ന് അല്ലാഹു പറഞ്ഞു, നിങ്ങളിൽ ഐക്യമുണ്ടാകുമ്പോൾ നിങ്ങൾക്ക് ശക്തിയും സുസ്ഥിരതയും ലഭിക്കും. ഒരു ജമാഅത്ത് എന്ന നിലയിൽ നിങ്ങളുടെ ശക്തി, സുസ്ഥിരത, ഐക്യം എന്നിവ ശക്തിയുടെ പ്രകടനമായിരിക്കും. അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.

കൂടാതെ അല്ലാഹു ഇതിൽ പറയുന്നു, ഭയാവസ്ഥ ഉളവായാലും, അല്ലാഹു ഖിലാഫത്ത് വഴി നിങ്ങൾക്ക് സമാശ്വാസമേകുന്നതും ഭയത്തെ സമാധാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതുമാണ്.

അതുകൊണ്ട്, ഖിലാഫത്തിന്റെ അനുഗ്രഹത്തിന് നിങ്ങൾ നന്ദിയുള്ളവരായിരിക്കുക. അതുവഴി ദൈവിക പിന്തുണയുടെയും സഹായത്തിന്റെയും ദൃശ്യങ്ങൾക്ക് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ടേയിരിക്കും. യഥാർഥ ആരാധകരായിരിക്കുന്നവർക്കും, നമസ്കാരങ്ങളിൽ ശ്രദ്ധിക്കുന്നവർക്കും, ആരാധനകളിൽ ശ്രദ്ധിക്കുന്നവർക്കും പ്രതിഫലം ലഭിക്കുമെന്നും അല്ലാഹു ഇവിടെ പറയുന്നു.

അതുകൊണ്ട്, ആരാധനയുടെ കടമ നിർവഹിക്കുന്നതിനും പ്രതിഫലത്തിന് അർഹരാകുന്നതിനും വേണ്ടി നിങ്ങൾ നമസ്കാരങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക. നമസ്ക്കാരങ്ങൾ നിലനിർത്തുക. സമയബന്ധിതമായി അവ നിർവഹിക്കുക. ജമാഅത്തായി നിർ

• ഹദീസുന്നബവി ﷺ •
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

വഹിക്കുക, അല്ലാഹുവിനെ കുറിച്ചുള്ള ഭയം മനസ്സിൽ വച്ചു കൊണ്ട് അനുഷ്ഠിക്കുക.

കൂടാതെ ആരാധനയുടെ നിലവാരം ഉയർത്തുന്നതിനൊപ്പം സാമ്പത്തിക ത്യാഗത്തിലും ശ്രദ്ധിക്കുക എന്ന് അല്ലാഹു പറയുന്നു. അതുവഴി ഇസ്‌ലാമിന്റെ തബ്‌ലീഗും (പ്രബോധനം) സാധ്യമാകും. കൂടാതെ മനുഷ്യാവകാശങ്ങൾ നിറവേറ്റാനും കഴിയും. അവസാനം പറഞ്ഞു, ഈ കാര്യങ്ങളും സാമ്പത്തിക ത്യാഗങ്ങളും ഫലപ്രദമാകുന്നതും നിങ്ങൾക്ക് പ്രയോജനം ചെയ്യുന്നതും നിങ്ങൾ റസൂലിനെ പൂർണമായി അനുസരിക്കുകയും അതിനുശേഷം ഖിലാഫത്ത് വ്യവസ്ഥയെ അനുസരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. നബി തിരുമേനി ﷺ പറഞ്ഞു, എന്റെ അമീറിനെ (നേതാവ്) അനുസരിക്കുന്നത് എന്നെ അനുസരിക്കുന്നതിന് തുല്യമാണ്. എന്നെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കുന്നതിന് തുല്യമാണ്.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു)പറഞ്ഞു: അതുകൊണ്ട് ഈ ആയത്തും നബികരീം ﷺ യുടെ കല്പനയും നോക്കുമ്പോൾ, റസൂലിനെ അനുസരിക്കുന്നത് പോലെ തന്നെ ഖിലാഫത്തിനെ അനുസരിക്കേണ്ടതും നിർബന്ധമാണ്. കൂടാതെ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നേടുന്നതിനുള്ള ഒരു മാർഗമാണ്. ഈ അനുസരണ ഭാവം ഉണ്ടെങ്കിൽ ഭൗതികമായ ബലഹീനതകൾ ഉണ്ടായിരുന്നാലും അല്ലാഹുവിന്റെ വാഗ്ദാനം അനുസരിച്ച് വിജയങ്ങൾ ലഭിക്കും. എത്രയധികം അംഗബലം ഉണ്ടെങ്കിലും അനുസരണത്തിന്റെയും അനുസരണ യോഗ്യനായ ഖലീഫയുടെയും അഭാവത്തിൽ വിജയങ്ങൾ അസാധ്യംമാണ്. പ്രത്യേകിച്ചും അല്ലാഹുവിനെയും അവന്റെ റസൂലിനെയും കുറിച്ച് പറയുകയാണെങ്കിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും യഥാർഥ അനുസരണം മാത്രമാണ് പ്രതിഫലത്തിന് അർഹരാക്കുകയും ഖിലാഫത്തിൽ നിന്ന് പ്രയോജനമുളവാക്കുകയും ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യം എപ്പോഴും മനസ്സിൽ വയ്ക്കണം. ഈ വാഗ്ദാനം അല്ലാഹു പ്രസ്തുത ആയത്തിൽ നല്കിയിട്ടുണ്ട്, ഇതിനെ ആയത്തെ ഇസ്തിഖ്‌ലാഫ് എന്നും വിളിക്കുന്നു. പരിശോധിക്കുകയാണെങ്കിൽ, ഇന്ന് ഭൂമിയിൽ അഹ്‌മദിയ്യാ മുസ്ലീം ജമാഅത്ത് അല്ലാതെ അല്ലാഹു പറഞ്ഞ ഈ മാർഗ നിർദേശ തത്ത്വം അനുസരിച്ച് ഒരു വ്യവസ്ഥയുമായി ബന്ധപ്പെട്ട അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾ അനുസരിക്കാൻ ശ്രമിക്കുന്ന, ഖിലാഫത്ത് വ്യവസ്ഥയുമായി പൂർണമായി ബന്ധപ്പെട്ടിരിക്കുന്ന വേറെ ഒരു ജമാഅത്തുമില്ല എന്ന് വ്യക്തമായി തെളിയുന്നു. അഹ്‌മദിയ്യ ജമാഅത്തിന്റെ സത്യസന്ധതയ്ക്കും ഖിലാഫത്ത് വ്യവസ്ഥയ്ക്ക് അല്ലാഹുവിന്റെ പിന്തുണ ലഭിക്കുന്നതിനും ഇത് മഹത്തായ തെളിവാണ്. കാരണം ഇസ്‌ലാം മതത്തിലെ മറ്റ് വിഭാഗങ്ങളേക്കാൾ വളരെ ന്യൂനപക്ഷമായിരുന്നിട്ടും അഹ്‌മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം പ്രചരിപ്പിക്കുകയും ഈ പ്രബോധനം വഴി ജമാഅത്തിന്റെ അംഗസംഖ്യ ദിനംപ്രതി വർധിച്ചു വരികയുമാണ്.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു: ഞങ്ങൾ ജിഹാദ് ചെയ്യുന്നില്ല എന്ന് ഞങ്ങൾക്കുമേൽ ആരോപണമുണ്ട്. കാലിക പ്രസക്തമായ യഥാർഥ ജിഹാദ് ചെയ്യുന്നത് അഹ്‌മദിയ്യ ജമാഅത്ത് മാത്രമാണ്. സ്വാലിഹായ അമലുകൾ (സത്കർമങ്ങൾ) ചെയ്യുന്നവരോട് അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്വാലിഹായ അമലിന്റെ അർഥം സന്ദർഭത്തിനും സാഹചര്യത്തിനും അനുസരിച്ചുള്ള കർമം എന്നാണ്. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് ﷺ നിയോഗിതനായതോടെ ഖഡ്ഗമേന്തിയ ജിഹാദ്(ധർമ സമരം) അവസാനിച്ചു. ഇന്ന് കാലഘട്ടത്തിന്റെ ആവശ്യം തൂലിക കൊണ്ടുള്ള ജിഹാദ് മാത്രമാണ്. ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാൻ ആവശ്യമായ മാധ്യമങ്ങളിലൂടെയുള്ള ജിഹാദാണ്.

ശേഷം വരുംലക്കങ്ങളിൽ (ഇൻശാ അല്ലാഹ്).

പേജ് 1 ൽ നിന്ന്

ഭയന്ന് സത്യം മറച്ചുവയ്ക്കുക, വിഴുങ്ങുക എന്നാണ്. പലപ്പോഴും കാണാറുള്ളത് ആളുകൾ സൗമ്യതയോടെ സംസാരിച്ച് തുടങ്ങുകയും പിന്നീട് ദേഷ്യത്തിലേക്ക് മാറുകയും ചെയ്യുന്നതാണ്. ഇത് ശരിയായ പ്രവണതയല്ല. സത്യം പൂർണമായും പ്രകടിപ്പിക്കാൻ വൈദഗ്ദ്ധ്യം ആവശ്യമാണ്. ഒരു ക്ഷിപ്രകോപി പോലും കേൾക്കുന്ന വിധത്തിൽ അത്രയും മനോഹരമായി സത്യം പ്രസ്താവിക്കുന്നവൻ വളരെ ധൈര്യശാലിയാണ്. അത്തരക്കാരിൽ അല്ലാഹു സംതൃപ്തനാകുന്നതാണ്. സത്യം പറയുന്നവനോട്, അയാൾ സൗമ്യത കാണിച്ചാലും ജനങ്ങൾക്ക് സംതൃപ്തി ഉണ്ടാകണമെന്നില്ല എന്നത് ശരിതന്നെ. എന്നാൽ അക്കൂട്ടത്തിൽ ചിലരെങ്കിലും അദ്ദേഹത്തെ നല്ലവനെന്നു പറഞ്ഞേക്കാം.

*(മൽഫൂസാത്ത് ഭാഗം:5, പേജ് 225, 226)*

## യുഗ ശബ്ദം — സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ﷺ

"അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമം എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാൽ, അവനിലേക്ക് ചുവടുവെക്കുന്ന ഓരോ വ്യക്തിയ്ക്കുവേണ്ടിയും പരീക്ഷണം തീർച്ചയായും വെച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: ***അഹസിബന്നാസു അൻയ്യുത്‌റക്കൂ അൻ യഖൂലൂ ആമന്നാ വഹും ലാ യുഫ്‌തനൂൻ*** പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ ശീലമാണ്. അദൃശ്യങ്ങൾ അറിയുന്ന അല്ലാഹുവിന് പരീക്ഷിക്കേണ്ട ആവശ്യമെന്താണെന്ന് ചിന്തിക്കരുത്. ഇതു നമ്മൾ മനസ്സിലാക്കുന്നതിന്റെ പിഴവാണ്. അല്ലാഹു പരീക്ഷണത്തിന്റെ ആശ്രിതനല്ല; മനുഷ്യൻതന്നെയാണ് ആശ്രിതൻ. തന്റെ അവസ്ഥയെ കുറിച്ച് അവനറിയുന്നതിനും തന്റെ ഈമാനിന്റെ സത്യാവസ്ഥ തുറക്കുന്നതിനും വേണ്ടിയാണിത്. ഭിന്നാഭിപ്രായങ്ങൾ കേട്ട് തോൽപ്പിക്കപ്പെട്ടവനാകുകയാണെങ്കിൽ അശക്തനാണെന്ന് സമ്മതിക്കേണ്ടിവരുന്നു. എത്രത്തോളം വിജ്ഞാനങ്ങളും കലകളും ലോകത്തുണ്ടോ പരീക്ഷണം കൂടാതെ അവയെ മനസ്സിലാക്കാൻ പറ്റുകയില്ല. ദൈവത്തിന്റെ പരീക്ഷണമെന്നു പറയുന്നത് ഇതുതന്നെയാണ്, അതായത് മനുഷ്യൻ തന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കുക. ഇക്കാരണത്താലാണ് ദൈവനിയോഗിതർക്ക് തീർച്ചയായും ശത്രുക്കളുണ്ടാകുന്നത്. അവൻ അവർക്ക് ദുഃഖങ്ങളും വിഷമങ്ങളുമുണ്ടാക്കുന്നു. നിന്ദിക്കുന്നു. അത്തരം നേരത്ത് സൽപ്രകൃതക്കാർ തങ്ങളുടെ തെളിമയാർന്ന വിവേക ബുദ്ധികൊണ്ട് അവരുടെ സത്യസാക്ഷ്യം പ്രാപിക്കുന്നു. അതിനാൽ ദൈവനിയോഗിതന്റെ എതിരാളുകളുടെ സാന്നിദ്ധ്യം നിർബന്ധമാണ്;പൂക്കളോടൊപ്പം മുള്ളുകളുമുളളതുപോലെ. ഔഷധവുമുണ്ട്. വിഷങ്ങളുമുണ്ട്. എതിർപ്പുണ്ടാകാത്ത ഏതെങ്കിലും നബിയുടെ കാലത്തെ കുറിച്ച് ആരെങ്കിലും നമുക്കൊന്നു പറഞ്ഞുതരട്ടെ. അവർ അദ്ദേഹത്തെ കച്ചവടക്കാരനെന്നും ചതിയനെന്നും കള്ളനെന്നും കുറ്റുകെട്ടുകാരനെന്നും പറയാതിരുന്നതായിട്ട്! മൂസാ ﷺ യ്ക്കുമേലും കുറ്റുകെട്ടിപ്പറഞ്ഞു. എത്രത്തോളമെന്നാൽ ഒരു ദുർഭഗൻ വ്യഭിചാരാരോപണം ഉന്നയിച്ചു. ഒരു സ്ത്രീയെ അതിന് സാക്ഷിയായി കൊണ്ടുവരികയും ചെയ്തു. ചുരുക്കത്തിൽ ആളുകൾ പരീക്ഷിക്കപ്പെടാൻ അവരുമേൽ എല്ലാ തരത്തിലുള്ള കുറ്റുകെട്ടുകളും ആരോപിക്കുന്നു. അല്ലാഹു നട്ട ചെടി വ്യത്തികെട്ട ഈ ആളുകളുടെ ഊത്തുകൾകൊണ്ട് ഇല്ലാതാകുക എന്നത് ഒരിക്കലും സംഭാവ്യമല്ല. അവർ അല്ലാഹുവിൽനിന്നുളളവരാണെന്നതിന് ഈയൊരു അടയാളവും വ്യത്യാസവുമാണുണ്ടാകുന്നത്. അതായത് അവരെ നശിപ്പിക്കുന്നതിന് എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ, അവർ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു. അതേ! അല്ലാഹുവിൽനിന്നല്ലാത്തവൻ അവസാനം നശിച്ച് നാമാവശേഷ.മാകുന്നു. പക്ഷേ, അല്ലാഹു തന്റെ കൈകൊണ്ട് നട്ടവൻ ഒരാളുടേയും ശ്രമംകൊണ്ട് നശിക്കുകയില്ല. അവർ വെട്ടിക്കളയാനാഗ്രഹിക്കുന്നു, പക്ഷേ, അവർ വളരുന്നു. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് അല്ലാഹുവിന്റെ കൈകൾ അവനെ താങ്ങിപിടിക്കുന്നുവെന്നാണ്." *(മൽഫൂദാത്ത് വാല്യം 2, പേജ് 48 പതിപ്പ് 2018 ഖാദിയാൻ)*


• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"

കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY

AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."

അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER

AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : P.K.Amnas
Mobile : +91 82815 93429
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 04 December 2025 Issue-49

ACTING MANAGER
ATHAR AHMAD SHAMIM

Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു)ന്റെ ഓസ്ട്രേലിയൻ സന്ദർശനം 2013

ഒരു അഹ്മദിയിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നത്, ദൈവഭക്തിയിൽ (തഖ്‌വയിൽ) പുരോഗമിക്കണമെന്നും അതിനായി ഖുർആനിക കല്പനകൾ അന്വേഷിക്കണമെന്നും അല്ലാഹുവിന്റെ തൃപ്തിയ്ക്കായുള്ള മാർഗങ്ങൾ തേടമെന്നും അതിനുവേണ്ടി തീവ്രയത്നം നടത്തണമെന്നുമാണ്.

(ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) ഓസ്ട്രേലിയ ജൽസാ സാലാനയിൽ സ്ത്രീകളോടു നടത്തിയ പ്രഭാഷണം)

### വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ വിജയം നേടിയ വിദ്യാർഥിനികൾക്കുള്ള സർട്ടിഫിക്കറ്റ് & മെഡൽ വിതരണം.

എത്രയധികം അംഗബലം ഉണ്ടെങ്കിലും അനുസരണത്തിന്റെയും അനുസരണ യോഗ്യനായ ഖലീഫയുടെയും അഭാവത്തിൽ വിജയങ്ങൾ അസാധ്യം.

എം.ടി.എയുമായുള്ള സുസ്ഥിര ബന്ധം മുഖേന അഹ്മദികളുടെ അറിവ് വർദ്ധിക്കും.

എല്ലാ അഹ്മദിയും ദിവസവും കുറച്ച് സമയം എം.ടി.എയ്ക്കുവേണ്ടി നിശ്ചയിച്ച് ഏതെങ്കിലും പരിപാടികൾ തീർച്ചയായും കാണണം.

(ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) ഓസ്ട്രേലിയ ജൽസാ സാലാനയിൽ നടത്തിയ സമാപന ഭാഷണം)

വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ വിജയം നേടിയ വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റ് & മെഡൽ വിതരണം.

പോഷകസംഘടനകളുടെ വിവിധ മത്സരങ്ങളിൽ സ്ഥാനങ്ങൾ നേടിയവർക്കുള്ള സമ്മാന പതാക (അലം ഇനാമി)& പ്രശംസാ പത്ര വിതരണം.

വ്യക്തിഗത& കുടുംബ കൂടിക്കാഴ്ചകൾ, ബൈഅത്ത് (പ്രതിജ്ഞാ) ചടങ്ങ്.

ABC റേഡിയോ സംപ്രേഷണം ചെയ്ത ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) നടത്തിയ അഭിമുഖത്തെക്കുറിച്ചുള്ള വിശദമായ വാർത്ത.

ഇതുകാരണം ഓസ്ട്രേലിയയിൽ മാത്രമല്ല, ഏഷ്യൻ പസഫിക്കിലെല്ലായിടത്തും ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിച്ചു.

(റിപ്പോർട്ട് തയ്യാറാക്കിയത്: അബ്ദുൽ മാജിദ് താഹിർ, അഡീഷണൽ വകീലുത്തബ്ശീർ, ലണ്ടൻ)

### വ്യക്തിഗത & കുടുംബ കൂടിക്കാഴ്ചകൾ

പ്രോഗ്രാം അനുസരിച്ച് വൈകുന്നേരം ആറ് മണിക്ക് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. മൊത്തത്തിൽ 50 കുടുംബങ്ങളിലെ 156 പേർക്ക് തങ്ങളുടെ പ്രിയപ്പെട്ട നേതാവുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യമുണ്ടായി. അന്ന് കൂടിക്കാഴ്ച നടത്തിയവരിൽ ഓസ്ട്രേലിയയിലെ അഡിലെയ്ഡ് (Adelaide), ഡാർവിൻ (Darwin), ബ്ലാക്ക് ടൗൺ (Black Town), പെർത്ത് (Perth) എന്നീ ജമാഅത്തുകളിൽ നിന്നുള്ളവർ കൂടാതെ ഖാദിയാനിൽ (ഇന്ത്യ) നിന്ന് വന്ന നാല് അംഗങ്ങളും ഉൾപ്പെട്ടിരുന്നു.

അഡിലെയ്ഡ് ജമാഅത്തിൽ നിന്ന് വന്നവർ 1375 കിലോമീറ്ററും, പെർത്ത് ജമാഅത്തിൽ നിന്ന് വന്നവർ 3219 കിലോമീറ്ററും, ഡാർവിൻ ജമാഅത്തിൽ നിന്ന് വന്നവർ 3929 കിലോമീറ്ററും താണ്ടി വന്നവരായിരുന്നു. പെർത്തിൽ നിന്ന് വന്നവർ അഞ്ച് മണിക്കൂർ വിമാനയാത്ര ചെയ്തു. ഡാർവിനിൽ നിന്ന് വന്നവരാകട്ടെ ഏകദേശം ആറര മണിക്കൂർ വിമാനയാത്ര ചെയ്തു.

ഈ കൂടിക്കാഴ്ച നടത്തിയ എല്ലാവർക്കും തങ്ങളുടെ പ്രിയപ്പെട്ട ഖലീഫയോടൊപ്പം ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും ലഭിച്ചു. ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) വിദ്യാർഥിനീവിദ്യാർഥികൾക്കു പേന സമ്മാനിച്ചു. കൂടാതെ ചെറിയ കുട്ടികൾക്ക് തങ്ങളുടെ ഖലീഫയിൽ നിന്ന് ചോക്ലേറ്റുകൾ ലഭിച്ചു.

പ്രസ്തുത കൂടിക്കാഴ്ചാ പ്രോഗ്രാം രാത്രി ഒമ്പത് മണി വരെ തുടർന്നു. അതിനുശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പുരുഷന്മാരുടെ സമ്മേളന സ്ഥലത്ത് (ജൽസാ ഗാഹ്) എത്തി മഗ്‌രിബ്, ഇശാ നമസ്കാരങ്ങൾ ഒരുമിച്ച് (ജംഅ്) നിർവഹിച്ചു.

നമസ്കാരങ്ങൾ പൂർത്തിയാക്കിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) തന്റെ താമസ സ്ഥലത്തേക്ക് മടങ്ങിപ്പോയി.

***

### 2013 ഒക്ടോബർ 6, ഞായറാഴ്ച

***

ഒക്ടോബർ 5 ശനിയാഴ്ച രാത്രി ഓസ്ട്രേലിയയിൽ സമയം ഒരു മണിക്കൂർ മുന്നോട്ടാക്കുകയും ക്ലോക്കുകൾ ഒരു മണിക്കൂർ മുന്നോട്ട് മാറ്റുകയും ചെയ്തിട്ടുണ്ട്. സമയമാറ്റം കാരണം നമസ്കാര സമയങ്ങളിലും മാറ്റം സംഭവിച്ചു.

പുതിയ സമയം അനുസരിച്ച് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) രാവിലെ 5 മണി 20 മിനിറ്റിന് മസ്ജിദ് ബൈത്തുൽ ഹുദായിൽ എത്തി ഫജ്ർ നമസ്കാരത്തിന് നേതൃത്വം നല്കി. നമസ്കാരം പൂർത്തിയാക്കിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) തന്റെ താമസസ്ഥലത്തേക്ക് മടങ്ങിപ്പോയി.

രാവിലെ ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) വിവിധ ഓഫീസ് കാര്യങ്ങൾ നിർവഹിക്കുന്നതിൽ വ്യാപൃതനായിരുന്നു.

ഇന്ന് അഹ്മദിയ്യ മുസ്ലീം ജമാഅത്ത് ഓസ്ട്രേലിയയുടെ 29-ാമത് വാർഷിക സമ്മേളനത്തിന്റെ (ജൽസാ സലാന) അവസാന ദിവസമായിരുന്നു. സമാപന സമ്മേളനത്തിനായി ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) 12 മണി കഴിഞ്ഞ് 5 മിനിറ്റിന് പുരുഷന്മാരുടെ സമ്മേളന സ്ഥലത്ത് എത്തിച്ചേർന്നു. ജമാഅത്ത് അംഗങ്ങൾ ആവേശകരമായ മുദ്രാവാക്യങ്ങളോടെ തങ്ങളുടെ പ്രിയപ്പെട്ട ഖലീഫയെ വരവേറ്റു.

### ജൽസാ സാലാന ഓസ്ട്രേലിയയുടെ വാർഷിക സമ്മേളനത്തിന്റെ സമാപന സമ്മേളനം

സമാപന സമ്മേളന കാര്യപരിപാടി താഹിർ അഹ്മദ് മജൂക സാഹിബ് നടത്തിയ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. തുടർന്ന് സാഖിബ് മഹ്മൂദ് ആതിഫ് സാഹിബ് അതിന്റെ ഉറുദു പരിഭാഷ അവതരിപ്പിച്ചു. അതിനുശേഷം സഫർ മുസ്തഫ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ കവിതയിലെ ഈരടികൾ മനോഹരമായി ആലപിച്ചു:

*ഹമേ ഉസ് യാർ സേ തഖ്‌വാ അതാ ഹെ*
*ന യേ ഹം സേ കേ എഹ്സാനെ ഖുദാ ഹൈ*

(അർഥം, *നമുക്ക് ആ പ്രിയങ്കരനിൽ നിന്ന് ഭക്തി ലഭിച്ചിരിക്കുന്നു,*

*അത് നമ്മൾ നേടിയതല്ല, മറിച്ച് അല്ലാഹുവിന്റെ ഔദാര്യമാണ്.)*

വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും വിതരണം ചെയ്തു.

താഴെ പറയുന്ന ഭാഗ്യവാന്മാരായ വിദ്യാർഥികൾക്ക് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു)ന്റെ കരങ്ങളിൽ നിന്ന് മെഡലുകളും സർട്ടിഫിക്കറ്റുകളും നേടാനുള്ള സൗഭാഗ്യം ലഭിച്ചു:

മുഹമ്മദ് ഷാഹിദ് ഹസൻ (ഹയർ സെക്കൻഡറി സ്കൂൾ 1.1 ഗ്രേഡോടെ).

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin